
ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക


2009
ജൂൺ- ജൂലായ്
ലക്കം: 108



## നിശബ്ദതയെ തിരിച്ചുപിടിക്കാൻ തൃശൂരിലെ ബുദ്ധൻമാർ

## പുകഴേന്തി എന്ന ജനകീയ ഡോക്ടർ പറയുന്നത്



## നമുക്കെന്തു ചെയ്യാൻ കഴിയും?




പുല്ലുപോലും മുളയ്ക്കാത്ത. വരണ്ട.
വിജനമായ ഒരു മലമ്പ്രദേശത്തെ
ഒറ്റക്കൊരാൾ വൃന്ദാവനമാക്കി
മാറ്റിയതിന്റെ
ഹൃദയഹാരിയായ കഥ



ഒരുകാല് മുറിഞ്ഞത്. ഒരു ചിറക് ഒടിഞ്ഞു
ഞൊന്നത് അങ്ങനെ രണ്ടു കാക്കകളുണ്ടെന്റെ
വീട്ടിൽ. ആ ഞൊണ്ടിക്കാക്കയ്ക്ക് എന്താ
സാമർത്ഥ്യം. ചിറകൊടിയൻ അടുക്കളെ നി
...ലവ ഇല്ല. എന്നെ

2009
ജൂൺ- ജൂലായ്
ലക്കം 108

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യുട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**രജനി**

ലേഔട്ട് & പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

**അമേരിക്കയിലെ ലിറ്റിൽ മാഗസിനുകൾ**


അമേരിക്കയിൽ ലിറ്റിൽ മാഗസിനുകൾ സംസ്കാരത്തിലും കലയിലും ശക്തമായി ഇടപെടുന്നതിനെക്കുറിച്ച് എഴുത്തുകാരനായ എലിയട്ട് ആൻഡേഴ്സൺ രചിച്ച *'ലിറ്റിൽ മാഗസിൻ ഇൻ അമേരിക്ക: എ മോഡേൺ ഡോക്യുമെന്ററി ഹിസ്റ്ററി'* എന്ന പുസ്തകം ലിറ്റിൽ മാഗസിനുകളുടെ പ്രസക്തിക്ക് അടിവരയിടുന്നതാണ്.




**ചെറിയ വലിയ കാര്യം**

# മരം

മൃഗങ്ങളും മരങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസം മൃഗങ്ങളുടെ ശരീരം മൊത്തത്തിൽ ഒരു യൂണിറ്റായി (ഒരു ഹൃദയം, ഒരു കരൾ, രണ്ടു കണ്ണുകൾ എന്നിങ്ങനെ)പ്രവർത്തിക്കുമ്പോൾ മരങ്ങൾ മോഡുലർ എന്നു വിളിക്കാവുന്നരീതിയിൽ, ഒരുപോലുള്ള, സ്വാശ്രയത്വമുള്ള, തമ്മിൽ മാറ്റിവയ്ക്കാവുന്ന ഘടകങ്ങൾ ചേർന്നുണ്ടാവുന്നതാണ് എന്നതാണ്. മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായി മരങ്ങളിൽ ജീവൻ എന്നത് ഭൂമിയിലേതിനെപ്പോലെതന്നെ ജീവനില്ലാത്ത അകക്കാമ്പിനെ പൊതിയുന്ന നേർത്ത പാടയാണ്. അന്തരീക്ഷത്തിൽനിന്നും കാർബൺ ഡൈ ഓക്സൈഡും മണ്ണിൽ നിന്ന് ജലവും സൂര്യപ്രകാശത്തിൽനിന്ന് ഊർജ്ജവും നേടി മരങ്ങൾ ഭക്ഷണമുണ്ടാക്കുമ്പോൾ അവ ഒരു വർഷം ശരാശരി പത്ത് മനുഷ്യർക്കാവശ്യമായ ഓക്സിജനാണ് ഉത്പാദിപ്പിക്കുക. അന്തരീക്ഷത്തിൽ നിന്ന് മണിക്കൂറിൽ രണ്ടു കിലോഗ്രാം കാർബൺഡൈ ഓക്സൈഡ് വലിച്ചെടുക്കുകയും ചെയ്യും. ആയുസ്സിനുമപ്പുറത്തെ സഹായങ്ങളുടെ കണക്കിൽ ഒരു ടൺ മരത്തിൽനിന്നും കിട്ടുന്ന 250 ലിറ്റർ പെട്രോളിന്റെ കണക്കുകൂടി ചേർത്തുവായിക്കേണ്ടതുണ്ട്.


ഫോട്ടോ: ബിജു മാത്യു, ബത്തേരി

*(പച്ചക്കുതിര പ്രസിദ്ധീകരിച്ച ഡോ. ടി.വി സജീവിന്റെ 'ഘടികാരം' എന്ന പുസ്തകത്തിൽനിന്ന്)*

**കൈമുദ്ര**

*കൈപ്പടയിൽ തെളിയുന്ന അക്ഷരക്കൂട്ടങ്ങൾക്ക് ലാളിത്യമാർന്ന വശ്യതയും സൗന്ദര്യവുമുണ്ട്. ആത്മാംശം പുരണ്ട കൈമുദ്രകളിൽ ചിലത് ലിമാ ഈ കോളത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങുന്നു. ഈ ലക്കത്തിൽ ചലച്ചിത്ര നടനും സാംസ്കാരിക പ്രവർത്തകനുമായ* **വി.കെ ശ്രീരാമൻ** *ലിമാക്ക് അയച്ചുതന്ന രചന.*



ഒരുകാല് മുറിഞ്ഞത്. ഒരു ചിറക് ഒടിഞ്ഞു
ഞാന്നത് അങ്ങനെ രണ്ടു കാക്കകളുണ്ടെന്റെ
വീട്ടിൽ. ആ ഞൊണ്ടി കാക്കക്ക് എന്താ
സാമർത്ഥ്യം. ചിറകൊടിയൻ അടുക്കളമിറ്റത്ത്
നിന്നു പോവ്വേ ഇല്ല. എന്റെ ഭാര്യ ഗീത
അവരെപ്പറ്റി പരാതി പറയും.
മറ്റു കാക്കകൾക്കൊന്നും അടയാളങ്ങളി
ല്ലാത്ത കാരണം പൊതുവെ ഒരു ശകാര
മാണ്. 'ഈ കാക്കകളെക്കൊണ്ട് തോറ്റു നാരാ
യണാ' എന്നിങ്ങനെ.
എന്നാൽ എനിക്ക്
കാക്കകളെ ഇഷ്ടമാണ്.
മുററത്തെ ഇത്തിമരത്തിന്റെ
കൊമ്പിലിരുന്ന് അവ
പരസ്പരം പേൻ നോക്കുന്നത്.
വളരെ ദൂരെയുള്ള ഒരാളോടെ
ന്നപോലെ കാ കാ എന്നു വിളിച്ചു
പറയുന്നത്. കുയിലിനെ കൊത്തി
യോടിക്കുന്നത്. മൺചട്ടിയിൽ
നിന്നു വെള്ളം കുടിക്കുന്നതു
എല്ലാം കണ്ടു ഞാനുമൊരു
കാക്കജന്മം
ആഗ്രഹിച്ചുപോകാറുണ്ട്
ചിലപ്പോൾ.
- ശ്രീരാമൻ
30-MAR-2009

## വായനയുടെ പക്ഷം

സൈക്കിൾ സ്കച്ചുകൾ രസകരം , അതിലുപരി ചിന്തനീയം. കോളേജ് ബസ്സ് ഉപേക്ഷിച്ച് സൈക്കിളിൽ കലാലയത്തിലെത്തിയ രണ്ടിലൊരാൾ ഈയുള്ളവനായിരുന്നു. പിന്നീട് ഹോസ്റ്റലിലേക്ക് മാറിയപ്പോഴും സൈക്കിൾ ഉപേക്ഷിച്ചില്ല. തൊട്ടടുത്തുള്ള മൈതാനത്ത് ഓടാൻ പോകുന്നവൻ കാറെടുക്കുന്ന പരിഹാസ്യമായ ചിത്രവും നമ്മുടെ മുന്നിലുണ്ട്. വ്യായാമത്തിനൊരു സഹായി. വായു മലിനീകരണത്തിനെതിരായ ഒരു ഒരു 'ലിറ്റിൽ' സംഭാവന. ജയ്ഹോ സൈക്കിൾ !

**അജിത്.പി ആച്ചാണ്ടി,തിരുമുടിക്കുന്ന്.**

തപാൽകാർഡ് ഇന്നു ഏറ്റവും അധികം ഉപയോഗിക്കുന്ന സ്ഥലമാണ് ജയിൽ. ഈ ചെറിയ അറിയിപ്പ് രേഖയിൽ ഒരുപാട് നൊമ്പരങ്ങളുടെയും കൊച്ചുകൊച്ചു ആഗ്രഹങ്ങളുടെയും കുറിപ്പുകൾ പ്രിയപ്പെട്ടവരെ അറിയിക്കാൻ ഇവിടെ ലഭിക്കുന്ന കാർഡ് മാത്രമാണ്. നാം മറന്നുകൊണ്ടിരിക്കുന്ന ചില സത്യങ്ങൾ ലിറ്റിൽ മാസിക നമ്മളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ലിറ്റിൽ മാസികക്ക് ഭാവുകങ്ങൾ നേർന്നുകൊണ്ട്...

**രാജുജോൺ, C.No.2912, സെൻട്രൽ ജയിൽ, കണ്ണൂർ.**

ലിറ്റിൽ മാസികയുടെ എല്ലാ ലക്കവും മുടങ്ങാതെ ലഭിക്കുന്നുണ്ട്; ഓരോലക്കവും ഒന്നിനൊന്ന് മെച്ചപ്പെടുന്നു. വലിയ സന്തോഷം. വരിസംഖ്യ അയക്കാനുള്ള ശ്രമത്തിലാണ്. ഹൃദയപൂർവ്വം...

**അഷ്റഫ് ആഡൂർ, മുഴുപ്പിലങ്ങാടി പി.ഒ, കണ്ണൂർ-670662.**

ചെറുതാണ് സുന്ദരം, ആശയത്തിലും പ്രായോഗിക ജീവിതത്തിലും. ചെറുതിൽനിന്നുതന്നെയാണ് വലിയലോകത്തിന്റെ പിറവിയും. ചെറുതായിതന്നെ നിലനിൽക്കൂ... അതാണ് ശക്തിയും.

**ടി.പി. പത്മനാഭൻ മാസ്റ്റർ, സൂചീമുഖി, പയ്യന്നൂർ പി.ഒ.**

ലിറ്റിൽ മാസികയുടെ ലക്കം 106-ൽ വന്ന അക്കുവിന്റെ ജീവിതപാഠങ്ങളെക്കുറിച്ചാണ് ഈ കത്ത്. കാര്യം ശരിയാണ്. ഒരൽപ്പം പതിയെ ആസ്വാദ്യതയോടെ ചെയ്താൽ എല്ലാത്തിനും ഒരു റിഥം വരും. പക്ഷേ വേഗപ്പോക്കിന്റെ ഈ കാലത്ത് അതിനൊക്കെ ആര് മെനക്കെടുന്നു.

**ഇ.കെ അബ്ദു,കോളിയാടി. പി.ഒ,വയനാട്.**

യെല്ലോഹൗസിനെക്കുറിച്ച് വന്ന കുറിപ്പ് വായിച്ചു. പലരും പറഞ്ഞ് കേട്ടു, അതൊരു നല്ല സിനിമയാണെന്ന്. സി.ഡി കിട്ടാൻ നെറ്റിലും മറ്റും തപ്പി ഒരു കള്ളപ്പതിപ്പെങ്കിലും കിട്ടാൻ ഇല്ല. ലിമയുടെ കയ്യിൽ കോപ്പി ഉണ്ടോ? മാസിക പേജ് കൂട്ടിയാൽ നന്നായി.

**വി.വി. വിജീഷ്, അച്ചൂർ പി.ഒ, വൈത്തിരി.**

അല്ല, തപാൽ വകുപ്പ് പോസ്റ്റ് കാർഡ്ഇപ്പോഴും ഇറക്കുന്നുണ്ടോ?! മിക്കപ്പോഴും ചോദിച്ചാൽ കിട്ടാറില്ല.ഏതായാലും ആ ലക്കം വളരെ നന്നായി. ഇവിടെ ഈറോഡിലൊക്കെ അതൊന്നും കാണാൻ തന്നെയില്ല.

**ഇ. സജിത്, ഈറോഡ്, തമിഴ്നാട്.**

ഹാരിസ് നെൻമേനിയുടെ ഹോളണ്ട് സ്കെച്ചുകൾ വായിച്ചു. നല്ല റീഡബിലിറ്റി ഉണ്ട്. സൈക്കിൾ പ്രസക്തമായ വിഷയമാണ് താനും.

**ഫസൽ റഹ്മാൻ, പെരിന്തൽമണ്ണ.**

ലിറ്റിൽമാസിക പതിവായി കിട്ടുന്നുണ്ട്. അതിജീവനഭാഗ്യം നേരുന്നു. പുതിയ പ്രതിഭകൾക്ക് ഇടം നൽകുക.

**ജോൺ പോൾ (തിരക്കഥാകൃത്ത്)**

**വായനക്കാരുടെ പ്രതികരണങ്ങൾ...** തപാലിൽ, ടെലഫോണിൽ, SMSൽ, മെയിലിൽ, നേരിൽ...

## ശ്രദ്ധാഞ്ജലി

# പക്ഷിസ്നേഹി രാജന് വിട



പക്ഷിനിരീക്ഷണത്തിലേർപ്പെട്ടിരിക്കുന്ന രാജനും കുടുംബവും

പറവകളായിരുന്നു ചമത്തിൽ രാജന് എല്ലാം. കൂലിവേലക്കാരനായിരുന്ന രാജൻ, കുടുംബത്തോടൊപ്പം പറവകളെയും സ്നേഹിച്ചു. വെറും അക്കാദമിക താല്പര്യങ്ങൾക്കും ഗവേഷണ കൗതുകങ്ങൾക്കുമപ്പുറം പ്രകൃതിയുടെ ഭാഗമായി പറവകളും നിലനിൽക്കണമെന്ന് അയാൾ ആഗ്രഹിച്ചു.

ഒരു സാധാരണക്കാരന് പക്ഷിശാസ്ത്രജ്ഞനും പ്രകൃതിസ്നേഹിയുമാകാമെന്ന് ജീവിതത്തിലൂടെ തെളിയിച്ച രാജന്റെ ആകസ്മിക വിയോഗത്തിൽ ലിമാ പ്രവർത്തകർ ദുഃഖിക്കുന്നു. പക്ഷികൾക്കായി ജീവിതം ഉഴിഞ്ഞുവെച്ച ആ കുടുംബത്തിന് താങ്ങായി നിൽക്കാൻ നമുക്കും ശ്രമിക്കാം.

**ലിമാ പ്രവർത്തകർ**

## മൂൺസ് ചന്ദ്രന്റെ ഓർമ്മകളുമായി മഴക്കാല ഒത്തുചേരൽ

പരിസ്ഥിതി പ്രവത്തകനായിരുന്ന മൂൺസ് ചന്ദ്രന്റെ ഓർമ്മകളുമായി നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 11, 12 തിയ്യതികളിൽ പെരുമഴക്യാമ്പും കാനനയാത്രയും സംഘടിപ്പിക്കുന്നു.

പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂൺ 30നകം ഡയറക്ടർ, പ്രകൃതി പഠന കേന്ദ്രം, നിലമ്പൂർ - 679329 എന്ന വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോ ൺ: 9446635140, 9388623202. എല്ലാ ലിറ്റിൽ മാസിക വായനക്കാരെയും ക്ഷണിക്കുന്നു.

# ദയവായി സഹായിക്കാമോ?

സുഹൃത്തേ,

താങ്കൾക്ക് ലിറ്റിൽ മാസിക കിട്ടുന്നുണ്ടാകുമല്ലോ? ലിറ്റിൽ മാസികക്ക് ഇപ്പോൾ കുറേ നല്ല സുഹൃത്തുക്കളുണ്ട്. നല്ല പ്രതികരണകുറിപ്പുകളും യോജിച്ച രചനകളും അയച്ചുതന്ന് അവർ സഹായിക്കാറുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ചെറുതിന്റെ ദർശനം അന്വേഷിക്കുന്ന മാസികക്ക് ആശയപരമായ തുറന്ന സംവാദം സന്തോഷകരമാണ്. ദയവായി നിങ്ങളുടെ വിലപ്പെട്ട നിരീക്ഷണങ്ങളും പ്രതികരണങ്ങളും അയച്ചു തരിക. പറ്റുമെങ്കിൽ 16 ലക്കങ്ങൾക്ക് 100 രൂപ അയച്ചുതന്നും സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹായിക്കാവുന്നതാണ്.

**16 ലക്കം 100 രൂപ**
**ലിറ്റിൽ മാസിക, ചുങ്കത്തറ (പി.ഒ) 679934**




**അഭിമുഖം**

**ചന്ദ്രബാബു തൃക്കലങ്ങോട്, ബിജുജോൺ**

# പുകഴേന്തി എന്ന ജനകീയ ഡോക്ടർ പറയുന്നത്

ആധുനികവൈദ്യശാസ്ത്രത്തിലെ മഹാരഥന്മാരിലൊരാളായ വില്യം ഓസ്റ്റർ നിരന്തരം പറഞ്ഞിരുന്ന കാര്യമാണിത്. രോഗിയെ മനസിലാക്കാതെ ചികിത്സിച്ചാൽ നീന്തലറിയാതെ കടലിൽ ചാടിയ അനുഭവം ആയിരിക്കും, അറിവിന്റെ വികേന്ദ്രീകരണം ചികിത്സാ പ്രക്രയയിൽ അനിവാര്യമാക്കണം.

***ഡോക്ടർ എന്നതിലുപരി വൈദ്യശാസ്ത്രരംഗത്തെ ആക്ടിവിസ്റ്റ് എന്ന നിലയിലും വ്യാപൃതനാണല്ലോ? താങ്കളുടെ നിലപാടുകളെക്കുറിച്ച്......***

കൽപ്പാക്കത്തെ ആണവറിയാക്ടറിന് സമീപത്താണ് എന്റെ ക്ലിനിക്. തികച്ചും സാധാരണക്കാരിൽ സാധാരണക്കാരാണ് രോഗികളായി എത്തുന്നത്. ബൗദ്ധികമായ ഉത്തരവാദിത്തം (intellectual responsibility) എന്ന നിലയിലാണ് എന്റെ പ്രവർത്തനങ്ങളെ ഞാൻ വിലയിരുത്തുന്നത്. പക്ഷോ സാധാരണക്കാരായ രോഗികളിൽ നിന്നും ഒരു ഡോക്ടർ എന്ന നിലയിൽ ഞാൻ പലതും പഠിക്കുന്നുണ്ട്.

***ഡോക്ടർ - രോഗീ ബന്ധം?***

ഒരു ഡോക്ടറെ പരിചയ സമ്പന്നനും പ്രഗത്ഭനുമാക്കുന്നത് രോഗികളാണ്. ഡോക്ടർ - രോഗീ ബന്ധം ഏകപക്ഷീയമാവരുത്. ഇതൊരു ടു വേ പ്രോസസ്സ് ആയിരിക്കണം. രോഗി രോഗനിർണ്ണയത്തിൽ ഡോക്ടറെ സഹായിക്കുകയാണ് സത്യത്തിൽ ചെയ്യുന്നത് . ഇത് എന്റെ ഒരു പുതിയ വാദഗതിയൊന്നുമല്ല.

***രോഗി എല്ലാ വിവരവും അറിയുന്നത് ആശുപത്രി വ്യവസായത്തിന് ഗുണകരമാവില്ലല്ലോ?***

ഇന്ന് കാണുന്നത് രോഗിയും ഡോക്ടറും തമ്മിലുള്ള വിടവാണ്. നാട്ടിൽ സുലഭമായ മരുന്നുകൾ ഉണ്ടെങ്കിൽ അതെക്കുറിച്ചു പറയാതെ വിലകൂടിയ മരുന്നുകൾ നിർദ്ദേശിക്കുക വഴി മരുന്ന് കമ്പനിയുടെ കമ്മീഷൻ ഏജന്റായി മാറുകയാണ് ഡോക്ടർമാർ. 1 രൂപ വിലവരുന്ന മരുന്നുകൾ 20 രൂപയ്ക്ക് മാറ്റി വിറ്റ് കൊള്ള ലാഭം ഉണ്ടാക്കുകയാണ് മരുന്ന് കമ്പനികൾ. രോഗിയോട് രോഗത്തെക്കുറിച്ചും അതിന് കഴിക്കേണ്ട മരുന്നിനെക്കുറിച്ചും, അതിന്റെ ഡോസേജ് ഇവയെല്ലാം പറഞ്ഞ് ബോധ്യപ്പെടുത്തി വേണം ചികിത്സ നിർണ്ണയിക്കാൻ. ആകെ നാലുതരം മരുന്നുകളാണ് അലോപ്പതിയി ൽ. ആന്റിപൈറേറ്റിക്, പെയിൻകില്ലറുകൾ, ആന്റിബയോട്ടി ക്കുകൾ, വിറ്റാമിനുകൾ ഇവയാണവ. ഈ നാലുതരം മരുന്നുകൾ ഉപയോഗിച്ചാണ് സർവ്വ ചികിത്സയും. രോഗിയുടെ കൂടെ പങ്കാളിത്തത്തോടെ മാത്രമേ ചികിത്സ

**പ്രചോദനം** *ജീൻ ഗിയാനോയുടെ വിഖ്യാതമായ 'മരങ്ങൾ നട്ട മനുഷ്യൻ' എന്ന പുസ്തകത്തെക്കുറിച്ച്...*

**നിരക്ഷരനായ ഒരു ആട്ടിടയന് ഒരാളുടെപോലും സഹായമില്ലാതെ ഇത്രയെല്ലാം ചെയ്യാൻകഴിയുമെന്ന അറിവ് താനൊഴിച്ചുള്ളവരെയെല്ലാം ശപിക്കാൻ വേണ്ടിമാത്രം സമയം പാഴാക്കുന്നവർക്ക് പുതിയൊരു ലക്ഷ്യബോധം ഉണ്ടാക്കുക തന്നെ ചെയ്യും.**

# നമുക്കെന്തു ചെയ്യാൻ കഴിയും?

**ടി.വി. അച്ചുതവാരിയർ**

ചുറ്റം ഇരുണ്ടുകൂടിക്കൊണ്ടിരിക്കുന്ന അന്ധകാരത്തെപ്പറ്റി വേവലാതിപ്പെടുന്ന ഒട്ടേറെ പേർ, നമുക്കിടയിലുണ്ട്. നാട് കാണെക്കാണെ നശിച്ചു വരുന്നു. സർവത്ര തോന്നിവാസം: സർവത്ര അഴിമതി; ആർക്കുമില്ല ഒരു ഉത്തരവാദിത്വബോധം. ഈ സാഹചര്യത്തിൽ നമുക്കെന്തു ചെയ്യാൻ കഴിയും? അണപൊട്ടിയാലെന്നപോലെ അധർമ്മം കുതിച്ചുപായുമ്പോൾ ഒരാൾ ഒറ്റക്ക് എന്തു ചെയ്യാനാണ്? നിരാശയുടെ നീർച്ചുഴിയിൽ പെട്ട ഇത്തരം നിസ്സഹായർക്കുള്ള മറുപടിയാണ് മരങ്ങൾനട്ട മനുഷ്യൻ എന്ന കൊച്ചു കൃതി. വലിയ വലിയ കാര്യങ്ങളെക്കുറിച്ച് വേവലാതിപ്പെട്ട് സമയം പാഴാക്കുന്നതിനു പകരം ചെറിയ ചെറിയ ചിലകാര്യങ്ങൾ ചെയ്യുക. പലതുള്ളി പെരുവെള്ളം എന്നാണ് ചൊല്ല്. ദുഷ്ടജനങ്ങൾക്കിടയിലുള്ള ശിഷ്ടജനങ്ങളെല്ലാം തങ്ങൾക്കാകുന്ന നിസ്സാരകാര്യങ്ങൾ ചെയ്താൽ അതെല്ലാം കൂടി ഒരു പെരുവെള്ളമായിത്തീരും. ആ വെള്ളപ്പൊക്കത്തിൽ ദുഷ്ടജനവിക്രിയകൾ മുങ്ങിപ്പോകും.

പുല്ലുപോലും മുളയ്ക്കാത്ത, വരണ്ട, വിജനമായ ഒരു മലമ്പ്രദേശത്തെ ഒറ്റക്കൊരാൾ വൃന്ദാവനമാക്കി മാറ്റിയതിന്റെ ഹൃദയഹാരിയായ കഥയാണിത്. കഥയെന്നല്ല, ചരിത്രം എന്നാണ് പറയേണ്ടത്.

ആൽപ്പ്സ് മലനിരകളുടെ അടിവാരത്തിൽ ഭാര്യയും മകനുമൊത്ത് ജീവിച്ചിരുന്ന ഒരു കർഷകനായിരുന്നു എൽസിയാഡ് ബോഫിയർ. ഭാര്യയും മകനും മരിച്ച് ഏകാകിയായിത്തീർന്ന അദ്ദേഹം ഏകാന്ത ജീവിതത്തിന്നായി ആടുകളേയും കൂട്ടി മലയിൽ കയറി. മറ്റെന്നും ചെയ്യാനില്ലാത്തതിനാൽ ആ വരണ്ട മലയിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ അയാൾ തീരുമാനിച്ചു. ഇത് 1910 ലാണ്. 1947 ൽ 90-ാം വയസ്സിൽ മരിക്കുന്നതുവരെ ആദ്ദേഹം ഏകനായി ഈ ദൗത്യം നിർവ്വഹിച്ചു. അമ്പതു കിലോമീറ്ററോളം നീളവും അഞ്ച് കിലോമീറ്ററോളം വീതിയുമുള്ള ഒരു മലഞ്ചരിവാകെ വൃക്ഷനിബിഡമാക്കാൻ അദ്ദേഹത്തിന് അതിനകം സാധിച്ചു. മലയിൽ വൃക്ഷങ്ങൾ വളർന്നതോടെ അരുവികളും കുളങ്ങളുമുണ്ടായി , ഗ്രാമങ്ങൾ വളർന്നു വന്നു. ജീവിതം തളിരണിഞ്ഞു . അതിലളിതമായ ഈ കഥ അത്യന്തം ഹൃദയഹാരിയും ആവേശകരവുമായ വിധത്തിൽ അവതരിപ്പി ച്ചിരിക്കുന്നത് ഫ്രഞ്ച് സാഹിത്യകാരനായ ജീൻ ഗിയാനോവാണ്.

പൂർണ്ണതയിലെത്തു.

***ആരോഗ്യമേഖലയുടെ ഇന്നത്തെ അവസ്ഥ?***

ആരോഗ്യമേഖല ഇന്ന് വൻതട്ടിപ്പിന്റെ ലോകമാണ്. ആശുപത്രികളും ഡോക്ടർമാരും മരുന്ന് കമ്പനിക്കാരും തമ്മിലുള്ള ഒത്തുകളിയാണിന്ന്. ഏങ്ങനെയും മരുന്ന് ചിലവാക്കുക എന്നതായിരിക്കുന്നു ലക്ഷ്യം. കേരളത്തിന്റെ കാര്യമെടുക്കൂ. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളുടെ 12 % ഉപയോഗിക്കുന്നത് ഇന്ത്യയുടെ ജനസംഖ്യയുടെ 3% മാത്രം വരുന്ന കേരളമാണ്. ആവശ്യത്തിലും ഏറെ മരുന്ന് കഴിക്കുന്നവരുടെ സമൂഹമായി നാം മാറുന്നു. മറ്റൊരു കാര്യം പറയാനുള്ളത് ക്ഷയരോഗത്തെക്കുറിച്ചാണ്. ബാക്ടീരിയ ഉണ്ടാക്കുന്ന രോഗമാണ് ക്ഷയം. എന്നാൽ നമ്മുടെ ഇമ്യൂണിറ്റി പവർ കുറയുന്നതു കൊണ്ടുമാണ് രോഗംവരുന്നത്. പലരോഗങ്ങളും പ്രതിരോധശേഷിയില്ലായ്മകൊണ്ടാണ് ഉ ണ്ടാവുന്നത്. രോഗത്തെ അതിഭീകരമായി ചിത്രീകരിച്ച് അതിനുള്ള ചികിത്സയെക്കുറിച്ച് മാത്രം പറയുമ്പോൾ നമ്മുടെ രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൽ വേണ്ട പ്രചരണം നടക്കുന്നില്ല.

***കൽപ്പാക്കത്ത് സാധാരണക്കാരുടെ ഇടയിൽ പ്രവർത്തിക്കുമ്പോൾ ഡോക്ടർ എന്ന നിലയിൽ സാമ്പത്തിക നേട്ടം കുറയില്ലേ?***

ആഡംഭരപൂർണ്ണമായ ജീവിതശൈലിയുണ്ടെങ്കിൽ കനത്ത ഫീസ് വാങ്ങുവാൻ ഡോക്ടർമാർ പ്രേരിതരാവും. പരിമിതമായ ആഗ്രഹങ്ങളാണ് എനിക്ക്. അതുകൊണ്ടുതന്നെ ചെറിയ ആഗ്രഹങ്ങൾക്കൊത്ത് ചെറിയ വരുമാനം കൊണ്ട് തന്നെ ഞാൻ സംതൃപ്തനാണ്.

***താങ്കളുടെ നിലപാടുകളോട് – പ്രത്യേകിച്ച് വാക്സിനേഷനെതിരെയും മറ്റുമുള്ളവയോടും മറ്റു ഡോക്ടർമാരുടെ പ്രതികരണം.?***

ഇത്തരം വിഷയങ്ങളിൽ പലരും എന്നോട് പറഞ്ഞത് ഞാൻ കുറെയേറെ സോഷ്യൽ മൈന്റഡ് ആണ് എന്നാണ്. അധികമൊന്നും സോഷ്യൽ മൈന്റഡ് ആവുന്നത് ശരിയല്ലാ എന്നാണവരുടെ നിലപാട്. എന്നാൽ ചിലരൊക്കെ എന്റെ നിലപാടുകളോട് ഇപ്പോൾ സഹകരിക്കുന്നുണ്ട്. ഡോക്ടേഴ്സ് ഫോർ സേഫർ എൻവയറോൺമെന്റ് എന്ന സംഘടനയോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ചിലകാര്യങ്ങളിൽ ആരൊക്കെ കൂടെ നിൽക്കുന്നു എന്ന് നോക്കി പ്രവർത്തിക്കാൻ പറ്റില്ലല്ലോ!. മുമ്പ് ഞാൻ പറഞ്ഞതുപോലെ എന്റെ ബൗദ്ധിക ഉത്തരവാദിത്തമാണ് ഇതിനെല്ലാം പ്രേരിപ്പിക്കുന്നത്.

## ഡോ. പുകഴേന്തി

തമിഴ്നാട്ടിലെ കൽപ്പാക്കം എന്ന കടലോരഗ്രാമത്തിൽ സാധാരണക്കാരുടെ ഇടയിൽ അവരെ സേവിക്കാനായി ജീവിതം
ഉഴിഞ്ഞുവെച്ച ജനകീയ ഡോക്ടർ. വെല്ലൂർ മെഡിക്കൽ കോളേജിൽ നിന്ന് ഗോൾഡ് മെഡലോടെ എം.ബി.ബി.എസ് പാ
സായ ഡോക്ടർ പുകഴേന്തി പക്ഷേ ഡോക്ടർ സമൂഹത്തിന്റെ പതിവുരീതികളിൽ നിന്ന് മാറിനടക്കുകയായിരുന്നു. രോഗികൾ
ക്ക് രോഗവിവരവും ചികിത്സാരീതികളും ബോധ്യപ്പെടുത്തി സാധാരണക്കാർക്ക് ചികിത്സയുടെ പ്രാഥമിക കാര്യങ്ങൾ
പറഞ്ഞുകൊടുത്ത്, അറിവിന്റെ കേന്ദ്രീകരണത്തിന് പകരം വികേന്ദ്രീകരണം ചികിത്സാരീതികളിൽ നടപ്പാക്കുന്ന ഡോക്ടർ
ആധുനിക ചികിത്സാരംഗത്തെ പൊള്ളത്തരങ്ങൾക്കും വാക്സിനുകൾ പോലുള്ളവയ്ക്കും എതിരേ പോരാടുന്നു.


ഡോക്ടർ പുകഴേന്തി രചിച്ച എയ്ഡ്സ് രോഗത്തെക്കുറിച്ചും അതിന്റെ ചികിത്സാരീതികളെക്കുറിച്ചും തനതായ ചില വെളിപ്പെടുത്തലുകളുള്ള *'എയ്ഡ്സ് എ ബയോളജിക്കൽ വാർ ഫയർ'* എന്ന പുസ്തകം ഡോക്ടർ ഫോർ സേഫർ എൻവയോൺമെന്റാണ് പ്രസിദ്ധീകരിച്ചത്.

ഗിയാനോ 1913 ൽ സഞ്ചാരികൾക്കജ്ഞാതമായ മലമുടികളിലൂടെ കാൽനടയായി ഒരു ദീർഘയാത്രക്ക് പുറപ്പെട്ടതോടെ കഥയാരംഭിക്കുന്നു. മൂന്നു ദിവസത്തെ നടത്തത്തിനുശേഷം എത്തിച്ചേർന്നത് വിജനമായ ഒരപാരതയുടെ നടുക്കായിരുന്നു. ദാഹിച്ചുവലഞ്ഞ ഗിയാനോവിന് അവസാനം രക്ഷകനായത് ഒരു ആട്ടിടയനായിരുന്നു. മൂന്നു കൊല്ലമായി ആ വരണ്ട ഭൂമിയിൽ ഓക്ക് മരത്തിന്റെ വിത്തുകൾ പാകുകയാണയാൾ. ഇതിനകം ഒരു ലക്ഷം കുരുക്കൾ നട്ടിരിക്കണം, അതിൽ 20,000 വിത്തുകൾ മുളച്ചിരിക്കണം ? അതിൽ പകുതിയെങ്കിലും രക്ഷപ്പെട്ടിരിക്കണം എന്ന് അയാൾ പറയുന്നു.

പിന്നിട് 1920 ലാണ് ഗിയാനോ ആ മലഞ്ചെരുവിൽ എത്തുന്നത്. അപ്പേഴേക്കും പതിനൊന്നു കിലോ മീറ്റർ ദൂരത്തോളം ബോഫിയർ വിത്തുകൾ പാകികഴിഞ്ഞിരുന്നു. ആദ്യം നട്ട തൈകളെല്ലാം അപ്പോഴേക്കും വളർന്നുകഴിഞ്ഞിരുന്നു.

ഗിയാനോ അവസാനമായി കാണുന്നത് 1945 ലാണ്. അപ്പോഴേക്കും ബോഫിയർക്ക് വയസ്സ് 87 ആയിരുന്നു. തന്റെ കായികവും ധാർമ്മികവുമായ വിഭവങ്ങളാൽ മാത്രം ഒരു മനുഷ്യന് തരിശുഭൂമിയിൽ നിന്ന് . ഒരു കാനാൻ ദേശം സൃഷ്ടിക്കാമെന്ന് നിരക്ഷരനായ ആ വയോവൃദ്ധൻ അതിനകം തെളിയിച്ചുകഴിഞ്ഞിരുന്നു. 40 കൊല്ലം മുമ്പ് മനുഷ്യരെന്നല്ല ജീവജാലങ്ങളിലൊന്നുപോലും കാണപ്പെടാതിരുന്ന വരണ്ട തരിശുഭൂമിയിൽ അപ്പോഴേക്കും സുന്ദരമായ ഗ്രാമങ്ങളും സന്തുഷ്ടരായ ഗ്രാമീണരും സുലഭമായിക്കഴിഞ്ഞിരുന്നു. ബോഫിയർ 1947 ൽ ഒരു അനാഥ ശുശ്രൂഷാകേന്ദ്രത്തിൽവച്ച് ശാന്തനായി മരിക്കുന്നതോടെ ഗ്രന്ഥം അവസാനിക്കുന്നു.

നിരക്ഷരനായ ഒരു ആട്ടിടയന് ഒരാളുടെപോലും സഹായമില്ലാതെ ഇത്രയെല്ലാം ചെയ്യാൻകഴിയുമെന്ന അറിവ് താനൊഴിച്ചുള്ളവരെയെല്ലാം ശപിക്കാൻ വേണ്ടിമാത്രം സമയം പാഴാക്കുന്നവർക്ക് പുതിയൊരു ലക്ഷ്യബോധം ഉണ്ടാക്കുക തന്നെ ചെയ്യും. ഗാന്ധിയൻ ചിന്തകനായ ഡോ:കെ. അരവിന്ദാക്ഷനാണ് ഈ കൃതി മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. ബദൽ മാതൃകകളുടെ പ്രചാരണത്തിനും പരിപോഷണത്തിനും വേണ്ടി നിലകൊള്ളുന്ന ആൾട്ടർമീഡിയയാണിതിന്റെ പ്രസാധകർ. (**മരങ്ങൾ നട്ട മനുഷ്യൻ. ജീൻ ഗിയാനോ, വിവ:ഡോ: കെ. അരവിന്ദാക്ഷൻ,പ്രസാധകർ ആൾട്ടർ മീഡിയ, തൃശൂർ, പേജ് 40. വില.15 രൂ**)



ഹാരിസ് നെൻമേനി

# നൂർദ് ബ്രാബന്റിലെ ഗോപാലകൻമാർ

**ലിമാ സ്പെഷ്യൽ കറസ്പോണ്ടന്റ് ഹാരിസ് നെന്മേനിയുടെ ഹോളണ്ട് യാത്രാകുറിപ്പുകൾ**



ഫോട്ടോ: ഹാരിസ് നെന്മേനി

ഏഴുദിവസം മുമ്പു തന്നെയെടുത്ത അപ്പോയ്മെന്റ്. അതും ഒരു മണിക്കൂർ മാത്രം നീളുന്ന സന്ദർശനത്തിന്. വാഹനിംഗൻ സർവ്വകലാശാലയുടെ ചാൻസലറേയോ ഡോൺ ബോസിലെ മേയറെയോ കാണാനാണ് അപ്പോയ്മെന്റ് എന്ന് ധരിക്കരുത്. നൂർദ് ബ്രാബന്റിലെ കർഷകൻമാരിലൊരാളായ റയ്ഡ് ക്ലയിസ്റ്ററെ കാണാൻവേണ്ടിമാത്രം.

എണ്ണത്തിൽകുറവെങ്കിലും പ്രതാപശാലികളായ ഡച്ചുകർഷകൻമാരിൽ ഒരാളെയെങ്കിലും സന്ദർശിക്കണമെന്ന ആലോചനയ്ക്ക് കൂട്ടത്തിലുണ്ടായിരുന്നവരൊന്നും വലിയ പിന്തുണ തന്നില്ല. തിരക്കിനിടെ വീണുകിട്ടുന്ന വാരാന്ത്യത്തിൽ ഷോപ്പിംഗിന് പോകാനും കറങ്ങിയടിക്കാനുമാണ് മിക്കവരും താൽപ്പര്യപ്പെട്ടത്. എങ്കിലും യാത്ര പുറപ്പെടുമ്പോഴേക്കും ഒരു മൂന്ന്-നാല് പേരെ സംഘടിപ്പിക്കാനായി.

നൈജീരീയയിലെ പ്ലാനിംഗ് ബോർഡ് ജീവനക്കാരൻ എക്കോ ജോസഫ്, അൽബേനിയക്കാരി സൈറാമക്കൻർ. പാക്കിസ്ഥാൻകാരൻ അലിഫ്സവാദ് അഹമ്മദ്, ഹോളണ്ടിലെ യൂണിവോഴ്സിറ്റി ഓഫ് വാഷിംഗ്ടൻ ഇന്റർനാഷണൽ ജീവനക്കാരനായ ഡച്ചും ഇംഗ്ലീഷുമറിയുന്ന പോൾ പൗലറ്റ് പിന്നെ ഞാനും.

അഞ്ചുപേർക്ക് കൃത്യം കയറാവുന്ന ടാക്സിയിലായിരുന്ന യാത്ര. ഡോൺ ബോഷിലേക്ക് പ്രവേശിച്ച ഉടനെ തന്നെ പെട്ടെന്നൊരിടത്ത് പ്ലാവില കണ്ട ആടിനെപ്പോലെ കാർ നിന്നു. ഉടനെ തന്നെ പോൾ കാറിൽ നിന്നിറങ്ങി പോവുകയും ചെയ്തു. ഞങ്ങൾക്കാർക്കും ഒന്നും മനസ്സിലായില്ല. അൽപ്പം കഴിഞ്ഞ് ഒരു ചെറു ചിരിയോടെ അയാൾ മടങ്ങിവന്നു. പ്ലാസ്റ്റിക് പൂക്കൾവെച്ചലങ്കരിച്ചൊരു സമ്മാനപ്പൊതിയും കയ്യിലുണ്ടായിരുന്നു.

ഫ്രഞ്ച് റെഡ് വൈനാണ്.... വെറുതെ ചെന്ന് കയറിയാൽ പോരല്ലോ, ആതിഥേയന് എന്തെങ്കിലും സമ്മാനംകൊണ്ടു ചെല്ലേണ്ടേ?! പോൾ ചിരിച്ച് കൊണ്ട് സീറ്റിലിരുന്നു.

**അരമണിക്കൂറും ഡച്ചുകർഷകനും**

"യൂ ആർ ലേറ്റ്" എന്നൊരു വാചകവുമായാണ് റയിഡ്സ് ക്ലയിസ്റ്റർ എന്ന കർഷകൻ ഞങ്ങളെ വരവേറ്റത്. എത്തിച്ചേരാൻ വൈകിയത് അയാൾക്കിഷ്ടപ്പെട്ടില്ലെന്നു വ്യക്തം. അരമണിക്കൂറിലേറെ ഞങ്ങൾ വൈകിയിരിക്കുന്നു. പോളും ക്ലയിസ്റ്ററും തമ്മിൽ പിന്നെ കുറച്ച് നേരം സംഭാഷണത്തിലേർപ്പെട്ടു ഡച്ചുഭാഷയി ലായിരുന്നതിനാൽ (അതോ ഇനി വേറെ വല്ല വാമൊഴി വഴക്കമാണോ ആവോ!) ഞങ്ങൾക്കാർക്കും ഒന്നും മനസ്സിലായില്ല. നേരം വൈകിയതിന്റെ കാരണം വിശദീകരിക്കാൻ ശ്രമിക്കുകയാണ് പോൾ എന്ന് ഞാൻ ഊഹിച്ചു. സർവ്വേ നടത്താനെന്നും പറഞ്ഞ് ഒരു തുണ്ട് കടലാസുമെടുത്ത് ഒരാൾ ചെന്നുകയറിയാൽ പിന്നെ പണിയെല്ലാം മെനക്കെടുത്തി ഒരുമണിക്കൂറല്ല ഒരു ദിവസം തന്നെ കൂടെ നിൽക്കാൻ തയ്യാറുള്ള നമ്മുടെ നാട്ടിലെ കൃഷീവലൻമാരെ ബഹുമാനത്തോടെ ഞാനന്നേരം ഓർത്തു.

**ഫാമിലേക്ക്**

താമസിക്കുന്നിടത്തും നിന്നും ഒരൽപ്പം വേറിട്ടാണ് ക്ലയിസ്റ്ററുടെ കൃഷിയിടം. നമ്മുടെ കർണ്ണാടകയിലെയും തമിഴ്നാട്ടിലെയുംമെല്ലാം പോലെ ക്ലയിസ്റ്റേഴ്സിന്റെ അയൽക്കാരെല്ലാം ഫാമുടമകളായ കർഷകരാണ്. ഫാമിലേക്കുള്ള വഴിയിലുടനീളം പരന്ന് കിടക്കുന്ന പുൽമൈതാനങ്ങൾ മാത്രമേ കാണാനുണ്ടായിരുന്നുള്ളൂ. പശുവും ചെമ്മരിയാടുമെല്ലാം അല്ലലില്ലാതെ മേയുന്നു. വേലികെട്ടി തിരിച്ചിരിക്കുന്ന മേച്ചിലിടങ്ങൾക്കിടെ ഉയർന്ന മേൽക്കൂരയുള്ള ഷെഡ്ഡുകളും തൊഴുത്തുകളും കാണാം

പോൾ ഞങ്ങൾക്ക് വേണ്ടി ക്ലയിസ്റ്ററോട് ഇടക്കിടയ്ക്ക് ഓരോന്ന് ചോദിച്ചുകൊണ്ടിരുന്നു. ഇടക്കിടക്ക് ഞങ്ങളും. ചോദ്യങ്ങൾ അയാൾക്ക് മനസ്സിലാവുന്നുണ്ട്. ഒഴുക്കോടെ ഇംഗ്ലീഷിൽ മറുപടി പറയാനാണ് ക്ലയിസ്റ്റർക്ക് പ്രയാസം.

95 ഏക്കറോളം സ്ഥലം സ്വന്തമായുണ്ട് ക്ലയിസ്റ്റർക്ക്. ഏറിയ പങ്കും പശുക്കൾക്കുള്ള പുല്ലും തീറ്റയും വളർത്തുന്ന സ്ഥലങ്ങളാണ്. കുറച്ച്ഭാഗത്ത് ധാന്യങ്ങളും ഉരുളക്കിഴങ്ങും കൃഷിചെയ്യുന്നുണ്ട്. ഫാമിൽ 80 ലേരെ പശുക്കളുണ്ട്. അവയെ നോക്കാൻ രണ്ട് മൃഗഡോക്ടർമാരുൾപ്പെടെ എട്ട് ജീവനക്കാരും. യഥാർത്ഥത്തിൽ ഒരു കർഷകനല്ല കാർഷിക വ്യവസായി തന്നെയാണ് റയിഡ്സ് ക്ലൈസ്റ്റർ.

**പന്നിപ്പനി.... ഭയക്കണം സാർ...!**

സാധനങ്ങൾ കൊണ്ടുപോവാനുപയോ

ഗിക്കുന്ന വാഹനത്തിൽ തണുത്ത് വിറച്ച് ഫാമിലത്തുമ്പോൾ ജോലിക്കാരെല്ലാം പ്രധാന കെട്ടിടത്തിന് മുമ്പിലുണ്ടായിരു ന്നു. തണുത്ത് വിറച്ച് മൂക്കിൽ നിന്നും കണ്ണിൽ നിന്നും വെള്ളമൊഴുകുന്നത് കണ്ടപ്പോൾ ഫാമിലെ മൃഗഡോക്ടർ തമാ ശയായി ചോദിച്ചു: പന്നിപ്പനിയൊന്നുമല്ല ല്ലോ സർ..... അല്ല അത് പടരുന്ന കാലമാ ണ് ഭയക്കണം.....!

വലിയ ഉയരമുള്ള, ഷീറ്റ് മേഞ്ഞ ഷെഡ്ഡുകളിൽ വിസ്തരിച്ച് നിന്ന് അയവെട്ടുകയാണ് പശുക്കൾ. കുറെയെണ്ണം പുറത്ത് മേയുന്നുണ്ട്. രാവിലെയും വൈകുന്നേരവും ഇരുന്നൂറ്റിയാൽ എട്ട് ലിറ്റർ പാല് തികച്ച് സൊസൈറ്റിയിൽ കൊടുക്കാൻ കിട്ടാത്ത നമ്മുടെ നാരായണേട്ടന്റെ നാടൻ പയ്യിന്റെ സഹതാപമർഹിക്കുന്ന രൂപമൊന്നുമല്ല അവയ്ക്ക്. മുഖത്തുനോക്കുമ്പോൾ, ഉള്ളത് പറയണമല്ലോ വാത്സല്യമല്ല മറിച്ചൊരു ഭയമാണ് തോന്നുക.

പശുക്കളുടെ മെനുവെല്ലാം ഡോക്ടറുടെ നിർദേശപ്രകാരമാണ്. എല്ലാം കൃത്യമായ അളവിൽ. തൊഴുത്ത് വൃത്തിയാക്കാനും കുളിപ്പിക്കാനുനെല്ലാം പ്രത്യേകം പ്രത്യേകം ചുമതലക്കാരുണ്ട്. എല്ലാം വളരെ ശാസ്ത്രീയമായ രീതിയിൽ.

കൊരണ്ടിപ്പലകയിട്ട് കുന്തിച്ചിരുന്ന് വലിച്ചൂരിയുള്ള കറവയൊന്നുമല്ല. മെഷീനാണ്. അകിടിൽ നിന്ന് പാല് നേരിട്ട് ചാലിട്ടൊഴുകി ഫ്രീസറിൽ ചെന്ന് ചേരും. പ്രതിദിന കറവയും മോശമല്ല, ഒരു പശുവിന് ശരാശരി 50-60 ലിറ്ററൊക്കെയേ പാൽ ലഭിക്കൂ!!

ക്ലയിസ്റ്റർസിന്റെ ഫാമിന്റെ ഒരു ഭാഗത്ത് ചെമ്മരിയാടുകളാണ്. ഒരു ഹോട്ടലിന് നേരിട്ട് മാംസം നൽകുന്ന ക്ലയിസ്റ്റർ രോമം വെട്ടുകഴിഞ്ഞാൽ അവയെ കത്തിക്കിരയാക്കുന്നു. ബീഫിന്റെ ആവശ്യാർത്ഥം മാത്രം വളർത്തുന്ന ധാരാളം കാളക്കൂറ്റൻ മാരുമുണ്ട്. കറവകുറഞ്ഞാൽ പശുക്കളുടെ വിധിയും മറ്റൊന്നല്ല. അരച്ച് സ്റ്റീം ചെയ്ത് പാക്കിലാക്കിയ മാംസമായി എല്ലാം വിപണിയിലെത്തുന്നു.

പശുഫാമുകളുടെ നടത്തിപ്പിന് വൻകിട മിൽക്ക് കോർപ്പറേഷനുകളും ഗവൺമെന്റും കലവറയില്ലാത്ത സഹായസഹകരണങ്ങൾ കർഷകർക്ക് നൽക്കുന്നുണ്ട് പുതിയ കാഴ്ച്ചകൾ പകർത്താൻ ക്യാമറയെടുത്തപ്പോൾ ക്ലൈയിസ്റ്റർ തടഞ്ഞു: ക്ഷമിക്കണം.... ഷെഡ്ഡിനകത്ത് ഫോട്ടോയെടുക്കരുത് .

ചന്ദ്രനിൽ ചെന്നാലും പുറത്തുവരുന്ന മലയാളിയുടെ തിണ്ണമിടുക്ക് ആ നേരം എന്നിലും ആവേശിച്ചു. മൊബൈൽ ഫോൺ പുറത്തെടുത്ത് തഞ്ചത്തിൽ ആരും കാണാതെ ഒന്നു ചുഴറ്റി ഞാൻ.

**ചീസ് ചിയേഴ്സ്**

നീയില്ലാത്ത ജീവിതം ഉപ്പില്ലാത്ത കഞ്ഞിപോലെയാണ് എന്ന് നമ്മുടെ മലയാളത്തിലൊരു പ്രയോഗമുണ്ടല്ലോ. സമാനമായ പ്രയോഗങ്ങൾ ഡച്ചുഭാഷയിലുമുണ്ടത്രേ. ഉപ്പിന്റെ സ്ഥാനത്ത് പക്ഷേ ചീസാണ് എന്ന് മാത്രം. ഭക്ഷണം ഏതായാലും ചീസ് ഒഴിവാക്കിയുള്ള ഒരു കളിയില്ല. ഡ്രിംഗ്സിനു ചിയേഴ്സ് അടിക്കുമ്പോഴും കാണും ചീസ്. നൂറ് കണക്കിന് ചീസ് നിർമ്മാണക്കമ്പനികളാണ് ഹോളണ്ടിലങ്ങിങ്ങായി പ്രവർത്തിക്കുന്നത്. ഇവയ്ക്കെല്ലാം വേണ്ട പാല് സംഭാവന ചെയ്യുന്നത് ക്ലയിസ്റ്റേഴ്സിന്റേത് പോലുള്ള ഫാമുകളും.

**നമ്മുടെ എഴുപത്= അവരുടെ നാല്.**

നമ്മുടെ ഇന്ത്യയിലെ 70% പേരും ഏർപ്പെട്ടിരിക്കുന്ന വൃത്തി കൃഷിയാണെന്ന് കണക്ക്. ഹോളണ്ടിൽ ഇത് വെറും നാല് ശതമാനം മാത്രം. എണ്ണത്തിൽ നമ്മൾ ഏറെ മുമ്പിൽ. ഉൽപ്പാദനക്ഷമതയുടെ കണക്കെടുക്കുമ്പോൾ ഹോളണ്ട് പക്ഷേ ബഹുദൂരം മുമ്പിലാണ്.

പാലും പാലുൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിലും കയറ്റുമതി ചെയ്യുന്നതിലും അമേരിക്കക്കും ബ്രിട്ടനും മാത്രം പിറകിലാണ് കേരളത്തിന്റെ വലിപ്പം മാത്രമുള്ള ഹോളണ്ട്. നൂറ് ശതമാനം ശാസ്ത്രീയമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്ന റെയിഡ്സ് ക്ലൈറ്റേഴ്സിന്റെ ഫാമിൽനിന്ന് പുറത്തുവരുമ്പോൾ ഇതെങ്ങനെ സാധ്യമാകുന്നു എന്ന അദ്ഭുതം എന്നെ വിട്ടുപോയിരുന്നു.

**നെതർലാന്റിൽ നിന്ന് സ്നേഹപൂർവ്വം**

സഫലമായൊരു സന്ദർശനത്തിന് ശേഷം യാത്ര പറഞ്ഞ് പിരിയുമ്പോൾ എല്ലാവർക്കും ഓരോ കുഞ്ഞുപൊതി ക്ലയിസ്റ്റേഴ്സ് സമ്മാനിച്ചു. തണുത്ത ചീസ് ഭംഗിയായി പാക്ക് ചെയ്തത്. അത് കൈമാറിയ ശേഷം ക്ലയിസ്റ്റേഴ്സ് പറഞ്ഞു: ഇത് നിങ്ങളുടെ രാജ്യങ്ങളിലേക്ക് കൊണ്ട് പോകണം. പ്രിയപ്പെട്ടവർക്ക് പങ്കുവച്ച് നൽകണം. കടലുകൾക്കക്കരെ നിന്ന് ഒരു പാവം കർഷകന്റെ സ്നേഹോപഹാരമായി..........

വാർത്ത

# 192 ഇനം പക്ഷികൾ വംശനാശ ഭീഷണിയിൽ

**വി.എം. ഷൺമുഖദാസ്**

ലോകത്ത് അതിപ്രാധാന്യമുള്ള 192 പക്ഷിവർഗ്ഗങ്ങൾ വംശനാശഭീഷണിയെ നേരിടുകയാണെന്ന് ഇന്റർനാഷനൽ യൂനിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആന്റ് നാച്ചറൽ റിസോഴ്സസ് (ഐ.യു.സി.എൻ)ലെ ഗവേഷകർ നടത്തിയ പഠനത്തിൽ വെളിപ്പെടുത്തി. ഇതിൽ 31 ഇനം പക്ഷികൾ പശ്ചിമഘട്ട ത്തിലും കേരളത്തിലും മാത്രം കണ്ടുവരു ന്നവയാണ്. 2009ലെ കണക്കനുസരിച്ച് ഐ.യു.സി.എന്നിന്റെ റെഡ് ഡാറ്റാ ബുക്കിൽ 192 ഇനം പക്ഷികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയിൽ 134 ഇനംപക്ഷികൾ വംശനാശത്തിന്റെ വക്കിലെന്ന് പഠനം വ്യക്തമാക്കുന്നു. വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന ചുട്ടികഴുകനും ഇന്ത്യൻ കഴുകനും കാസർകോടും വയനാടും മാത്രമാണ് കാണുന്നത്.

മരപ്രാവ് (നീലഗിരി വുഡ് പീജിയൻ), മഞ്ഞകണ്ഠൻ ബുൾബുൾ (യെല്ലോ ത്രോട്ടഡ് ബുൾബുൾ) പോതക്കിളി (ബ്രോഡ് ടോയിൽഡ് ഗ്രാസ് ബോർഡ്), സന്ധ്യക്കിളി (വൈറ്റ് ബെല്ലീഡ് ഷോർട്ട് വിംഗ്), ചേരക്കോഴി(ഓറിയന്റൽ ഡാർട്ടർ), ചുള്ളിചുണ്ടൻ പെലിക്കൻ (സ്പോട്ട് ബില്ലീഡ് പെലിക്കൻ),പാണ്ടൻ വേഴാമ്പൽ, മലമുഴക്കി വേഴാമ്പൽ,നീലക്കിളി പാറ്റ പിടിയൻ (നീലഗിരി ഫ്ളൈകാച്ചർ) എന്നീ പക്ഷികളാണ് വംശനാശഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നത്.

വളർത്തുമൃഗങ്ങളുടെ രോഗം മാറാൻ ഡൈക്ലോസെനാക് എന്ന നിരോധിത വേദനസംഹാരി വ്യാപകമായി കുത്തിവെക്കുന്നു. ഇങ്ങനെ ചാവുന്ന മൃഗങ്ങളെ ഭക്ഷിക്കുന്ന കഴുകൻമാരും ചത്തുവീഴുകയാണ് ചെയ്യുന്നത്. കീടനാശിനിയുടെ അമിത ഉപയോഗം കഴുകൻമാരുടെ പ്രജനനശേഷിയേയും കാര്യമായി ബാധിക്കുന്നു.

കേരളത്തിലെ പക്ഷിവർഗങ്ങളുടെ സ്ഥിതി മുൻവർഷങ്ങളെ അപേക്ഷിച്ച് വ്യത്യാസമുണ്ടായിട്ടില്ല. വനമേഖലയിലെ ആവാസവ്യവസ്ഥയി ലുണ്ടായ മാറ്റം കാട്ടുപക്ഷികളുടെ വംശനാശത്തിനിടയാക്കു ന്നു. തണ്ണീർത്തടങ്ങളുടെ നാശം ജലപക്ഷികളെയുംഇല്ലാതാക്കികൊണ്ടിരിക്കുകയാണെന്ന് നമീർ പറയുന്നു. ഇവിടങ്ങളിൽ പ്രജനനം നടത്താനുള്ള സൗകര്യം കുറയുന്നതും അമിതമായ കീടനാശിനി പ്രയോഗവും ജലപക്ഷികളെ തുടച്ചുനീക്കാനിടയുണ്ട്.


പശ്ചിമഘട്ടത്തിലെ ചോലവനങ്ങളിൽ മാത്രം കണ്ടുവരുന്ന ചിലയിനം പക്ഷികളെ ഇപ്പോൾ കാണാനില്ലെന്നാണ് പ്രശസ്ത പക്ഷിഗവേഷകനും ബയോഡൈവോഴ്സിറ്റി ബോർഡ് ചെയർമാനുമായ ഡോ. വി.എസ് വിജയൻ പറയുന്നത്. ഓരോ വർഷവും കണക്കെടുക്കുന്നതിനേക്കാൾ പക്ഷികളെ സ്ഥിരം നിരീക്ഷിക്കാനും അവയുടെ വംശ വർദ്ധന കണക്കാക്കാനാവശ്യമായ നടപടികൾ അത്യാവശ്യമാണെന്നും വിജയൻ പറഞ്ഞു.

(മാധ്യമം)

**സ്പെഷ്യൽ ഫീച്ചർ**

ലിമ എഡിറ്റോറിയൽ ഡെസ്ക്

*ഈയിടെ തൃശൂരിലെ പൊന്നൂക്കരയിൽവെച്ച് ബുദ്ധപ്രണയിനികളായ ഡേവിസ് വളർക്കാവും സുഹൃത്തുക്കളും വ്യത്യസ്തമായ രീതിയിൽ ബുദ്ധപൂർണിമ ആഘോഷിച്ചതിനെ മുൻനിർത്തി അല്പം ബുദ്ധചിന്തകൾ...*



**ആസക്തിക്കും വിരക്തിക്കും ഇടയിൽ മധ്യമാർഗ്ഗമാണ് ബുദ്ധദർശനം മുന്നോട്ടുവെക്കുന്നത്. സാധാരണ ജീവിതത്തിൽ, ഗൃഹസ്ഥാശ്രമജീവിതത്തിലും ബുദ്ധമാർഗ്ഗത്തിൽ ജീവിക്കാൻ കഴിയും. ഗൃഹസ്ഥനായി സാധാരണക്കാരനായി ജീവിക്കുമ്പോഴും ബുദ്ധിസ്റ്റാവാം.**

# നിശബ്ദതയെ തിരിച്ചുപിടിക്കാൻ തൃശൂരിലെ ബുദ്ധൻമാർ

ബുദ്ധപൂർണ്ണിമയോടനുബന്ധിച്ച് സിദ്ധാർഥനും ഗൗതമനുംമടക്കം ശ്രീബുദ്ധന്റെ വിവിധ നാമങ്ങളുള്ളവരുടെ ഒരു സംഗമം ഇക്കഴിഞ്ഞ മെയ് 10 ന് തൃശ്ശൂരിൽ നടന്നു. മെയ് 8 ന് ബുദ്ധപൂർണ്ണിമ നാളിൽ തൃശ്ശൂർ പൊന്നൂക്കരയിലെ ഗ്രീൻ ഗൗസിൽ വെച്ച് *സൈലൻസ് ഡേ* ആയി ആചരിച്ചു. ഇതുമായി ബന്ധപ്പെട്ട ക്ഷണക്കത്തിൽ നിന്ന്: 'ജീവിതമെന്നാൽ തിരക്കും ബഹളവും എന്നായിട്ടുണ്ട്. നിത്യജീവിതത്തിൽ നിശ്ശബ്ദതക്കും മൗനത്തിനും ധ്യാനത്തിനുമുള്ള പ്രാധാന്യം ഓർമ്മിപ്പിക്കുന്നതിന് വേണ്ടി ബുദ്ധജയന്തി നിശ്ശബ്ദദിനമായി ആചരിക്കുന്നു.' ജ്യോതിർഗമയ, ബുദ്ധകഥകൾ, മൗനമന്ദഹാസം എന്നി പരിപാടികളോടെ ബുദ്ധപ്രണയിനികളുടെ ഒരു സംഗമം തന്നെ തൃശൂരിൽ അരങ്ങേറി. വർത്തമാനകാല ത്ത് ബുദ്ധദർശനത്തിന് ഏറെ പ്രസക്തി കൈവന്നതായി ഈ സംഗമങ്ങൾ അടയാളപ്പെടുത്തി. ബുദ്ധൻമാർ ഉണ്ടാവട്ടെ ബുദ്ധനും ബുദ്ധദർശനങ്ങൾക്കും ഏറെ പ്രസക്തിയുള്ള കാലമാണിത്. ഹിംസാത്മകമായ ഹിന്ദുത്വം ഇവിടെ ശക്തി പ്രാപിച്ചു. അധികാരത്തിന് വളരെ സ്പേസ് ലഭിക്കുന്ന സംഘടിത ഹിന്ദുമതം ബുദ്ധദർശനത്തിന് എന്നും എതിരായിരുന്നു. വ്യക്തിയുടെ പ്രശ്നങ്ങൾക്ക് ബുദ്ധദർശനത്തിൽ പരിഹാരമുണ്ട്. മാർകിസം പോലെയുള്ള പല പ്രത്യയശാസ്ത്രങ്ങൾക്കും വ്യക്തിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൽ കഴിഞ്ഞില്ല. ബുദ്ധദർശനം ശരിയായി ഉൾക്കൊള്ളാൻ ബുദ്ധമതം സ്വീകരിക്കണമെന്നില്ല. നമ്മിലെ ഉറങ്ങിക്കിടക്കുന്ന ബുദ്ധനെ ഉണർത്തിയാൽ നമ്മിൽ വന്ന് നിറയുന്നത് നന്മയും കരുണയുമായിരിക്കും. ബുദ്ധനെ ദൈവമാക്കിയപ്പോൾ ബുദ്ധമതവും അപചയപ്പെട്ടു. കൊറിയ, ചൈന, ജപ്പാൻ അവിടെങ്ങളിലെ സെൻ ബുദ്ധിസം ബുദ്ധനെ ദൈവമാക്കുന്നില്ല- ബുദ്ധപൂർണ്ണിമ ആഘോഷത്തിന്റെ സംഘാടകനായ ഡേവിസ് വളർക്കാവ് പറയുന്നു.

ആസക്തിക്കും വിരക്തിക്കും ഇടയിൽ മധ്യമാർഗ്ഗമാണ് ബുദ്ധദർശനം മുന്നോട്ട് വെക്കുന്നത്. സാധാരണ ജീവിതത്തിൽ, ഗൃഹസ്ഥാശ്രമജീവിതത്തിലും ബുദ്ധമാർഗ്ഗത്തിൽ ജീവിക്കാൻ കഴിയും. ഗൃഹസ്ഥനായി സാധാരണക്കാരനായി ജീവിക്കുമ്പോഴും ബുദ്ധിസ്റ്റാവാം. ചെയ്യുന്ന ജോലി അതൊരു മോട്ടോർ മെക്കാനിക്കിന്റേതായാലും ശരിയായി ചെയ്താൽ - അതും ബുദ്ധധർമ്മമാണ്. അശോക ചക്രവർത്തിയും അദ്ദേഹത്തിന്റെ മക്കളുമൊക്കെ ബുദ്ധമാർഗ്ഗത്തിൽ നടന്നത് കുടുംബസ്ഥരായി സാധാരണ ലൗകികജീവിതം നയിച്ചുകൊണ്ടാണ്.

യഥാർത്ഥ ബുദ്ധമാർഗ്ഗം പലപ്പോഴും സംഘടിത ബുദ്ധമതത്തിൽ നിന്ന് അകന്ന് നിന്നു. ശ്രീലങ്കയിൽ തമിഴ് വംശജരെ പീഢിപ്പിക്കുന്നതിൽ ബുദ്ധിസ്റ്റുകൾ എന്ന് പറയുന്നവർ മുന്നിൽ നിന്നു. പലപ്പോഴും അഹിംസാമാർഗ്ഗം വിട്ടും ആയുധമെടുക്കേണ്ട സ്ഥിതിയിലും ബുദ്ധിസ്റ്റുകൾ എത്തി. ലോകത്തിൽ നിന്ന് ഓടിയൊളിക്കുന്ന അതി വിരക്തിയല്ല ശരിയായ ബുദ്ധമാർഗ്ഗം . ബുദ്ധൻ തന്നെ ഒരു ആക്റ്റിവിസ്റ്റ് എന്ന നിലയിലും പ്രവർത്തിച്ചിരുന്നതായി നമുക്കറിയാം. യാഗം നിർത്തുവാൻ ആവശ്യപ്പെട്ട ബിബിസാരന്റെ കൊട്ടാരത്തിൽവരെ ചെന്ന് ആവശ്യപ്പെടാൻ ശ്രീ ബുദ്ധൻ ധൈര്യം കാണിച്ചു. ബുദ്ധദർശനവും അത് മുന്നോട്ട് വെയ്ക്കുന്ന മധ്യമാർഗ്ഗവും ഈ കാലത്ത് ഏറെ പ്രസ്ക്തം.

**നിശ്ശബ്ദത തിരിച്ച് പിടിക്കൽ**

കഴിഞ്ഞ വർഷമാണ് പൊന്നൂക്കരയിൽ ആദ്യമായി ഡേവിസ് വളർക്കാവിന്റെ നേതൃത്വത്തിൽ ബുദ്ധപൂർണിമ ആഘോഷിച്ചത്. യുക്തിയെ സ്വീകരിക്കുകയും അനുഭവത്തെ നിരാകരിക്കാതിരിക്കുകയും സൃഷ്ടിപരമായ നിഷേധം നടത്തുകയും ചെയ്ത ബുദ്ധൻ 21-ാം നൂറ്റാണ്ടിൽ സ്വീകാര്യനെന്ന് തോന്നിയതാണ് കാരണം. സമാന ആശയക്കാർ കൂടുതലുള്ളതിനാൽ ഈ വർഷം വിപുലമായി ആഘോഷിച്ചു. സൈലൻസ് ഡേയോടെയാണ് ആഘോഷങ്ങൾ തുടങ്ങിയത്. സന്ദർശകർ മൺചെരാതുകൾ തെളിച്ചു. പിന്നീട് ബുദ്ധകഥകൾ പറയുന്ന ചടങ്ങ്. അതിനുശേഷം ധ്യാനം. ധ്യാനഗുരുവും ആക്ടിവിസ്റ്റുമായിരുന്ന ബുദ്ധന്റെ സ്മരണയ്ക്കായി 20 മിനിട്ട് മൗനമന്ദഹാസവും നടന്നു.

**തൃശ്ശൂരിലെ ബുദ്ധന്മാർ**

അംബേദ്കറെയും സഹോദരൻ അയ്യപ്പനെയും പോലെ ബുദ്ധമാർഗ്ഗം കൂട്ടത്തോടെ സ്വീകരിച്ചവർ കൂർക്കഞ്ചേരിയിലും കണിമംഗലത്തും മുമ്പ് ഉണ്ടായിരുന്നുവെന്ന് ഡേവിസ് വളർക്കാവ് ചൂണ്ടിക്കാട്ടുന്നു. പലരും മക്കൾക്ക് സിദ്ധാർത്ഥനെന്നും ഗൗതമനെന്നും പേരിട്ടത് അതിന്റെ ഓർമയ്ക്കാണ്. അപ്പൻ, അയ്യപ്പൻ കുട്ടപ്പൻ എന്നിവയും ബൗദ്ധനാമങ്ങളാണെന്ന് അദ്ദേഹം പറയുന്നു. ജാതി വ്യവസ്ഥയ്ക്കെതിരായ പ്രതിരോധമെന്നതിൽ കവിഞ്ഞ് ബുദ്ധമാർഗ്ഗം തിരയാനുള്ള ശ്രമം അതിന്റെ തുടർച്ചയായി ഉണ്ടായില്ല. അതിൽ താത്പര്യമുള്ള ബുദ്ധനാമധാരികളുടെ സംഗമമാണ് മെയ് 10 ന് വടക്കേ സ്റ്റാൻഡിനടുത്തുള്ള ശ്രദ്ധ ഹാളിൽ 3 മുതൽ നടന്നത്. അതോടൊപ്പം ശ്രീബുദ്ധനും മധ്യമമാർഗവും എന്ന വിഷയത്തിൽ ചർച്ചയും നടന്നു.

തീവ്രമായ ദൈവനിഷേധത്തിനും അന്ധമായ മതത്തിനും ഇടയിലുള്ള ഒരു മാർഗം ബുദ്ധനിൽ കാണുന്നവരുണ്ട്, കേരളത്തിന് ബുദ്ധമതത്തിന്റെ വലിയ പാരമ്പര്യമുണ്ടെങ്കിലും അതിന് തുടർച്ച

# ജീവിതം ഒരു കാഴ്ച്ചപ്പാട്

**കെ.വി. ശിവപ്രസാദ്**

ഭഗവാൻ ഞങ്ങൾ കർഷകരാണ്. മണ്ണിൽ പണിയെടുക്കുന്നവർ. ചെടികളേയും വൃക്ഷങ്ങളേയും, മൃഗങ്ങളേയും സ്നേഹിക്കുന്നവർ. ഞങ്ങൾക്ക് വിദ്യാഭ്യാസമില്ല. ധ്യാനത്തിന് സമയം കിട്ടാറുമില്ല. ഞങ്ങളെങ്ങിനെ ധർമ്മം പൂർത്തിയാക്കും? ഞങ്ങൾക്കെങ്ങിനെ നിർവ്വാണം ലഭിക്കും?

എന്താണ് അറിവ്? പ്രകൃതിയാണ് ഏറ്റവും വലിയ പാഠശാല. പ്രപഞ്ചമാണ് ഏറ്റവും വലിയ ഗുരുനാഥൻ. ജീവിതമാണ് ഏറ്റവും വലിയ പരീക്ഷ. അതിൽ തോൽക്കുന്നവർക്ക് ഏതറിവുണ്ടായിട്ടെന്തു കാര്യം? നിങ്ങൾ മറ്റു ജീവികളെ മുഴുവൻ ധർമ്മം അനുഷ്ഠിക്കാൻ സഹായിക്കുന്നു. അതുതന്നെ ഏറ്റവും വലിയ ധർമ്മം. അതു ഭംഗിയായി ചെയ്യൂ. കർമ്മത്തിൽ ശരീരം കൊണ്ടും മനസ്സു കൊണ്ടും മുഴുകുകയാണ് ധ്യാനം.

ഞങ്ങൾ പലതരം ധാന്യങ്ങളും പയറുവർഗങ്ങളും മറ്റു ഭക്ഷ്യ സാമഗ്രികളും കൃഷി ചെയ്യുന്നുണ്ട്. ഇനി എന്താണ് ചെയ്യേണ്ടത് പ്രഭോ ?

നിങ്ങൾ ഓരോരുത്തരും വ്യത്യസ്തയിനം അഞ്ചു വൃക്ഷങ്ങൾ വീതം നടൂ. അവയെ പരിപാലിക്കൂ. അവ സ്വയം വളരാനുള്ള കരുത്തു നേടിയാൽ വീണ്ടും അഞ്ചു വൃക്ഷങ്ങൾ കൂടി നടാം. അവയേയും അതു പോലെ പരിപാലിക്കുക. അങ്ങിനെ തുടർന്നും ചെയ്യുക. നിങ്ങൾക്ക് നിർവ്വാണം ലഭിക്കും, അതാണ് അറിവ്, മറ്റൊരറിവോ ധ്യാനമോ ആവശ്യമില്ല. വ്യത്യസ്ത ഇനങ്ങളെന്നാൽ ഏതൊക്കെയാണ്?

ആരാണത് ചോദിച്ചത്? അങ്ങ് കൃഷിക്കാരനല്ല അല്ലേ? ഹേ കർഷകാ വ്യത്യസ്ത ഇനങ്ങളെന്നാലെന്താണെന്ന് ഈ പണ്ഡിതന് പറഞ്ഞുകൊടുക്കൂ.

വ്യത്യസ്ത ഇനങ്ങളെന്നാൽ.... കായകളുള്ളത്, പൂക്കളുള്ളത്, എക്കാലത്തും ഇലകളുള്ളത്, ഇലകൊഴിയുന്നത്, കട്ടിയുള്ള തോലുള്ളത്, നേരിയ തോലുള്ളത് ഒക്കെയാകാം. അല്ലേ ഭഗവാൻ ? അഥവാ കുത്തനെ വളരുന്നവ, പടർന്നു വളരുന്നവ, പാലുള്ളവ, പാലില്ലാത്തവ എന്നും ആകാം, കുറ്റിച്ചെടികൾ, വൻമരങ്ങൾ എന്ന രീതിയിലും ആകാം, എങ്കിൽ എല്ലാ ജീവികൾക്കും ഭക്ഷണവും താമസ്സിക്കാനിടവും കിട്ടും. മണ്ണുണങ്ങുകയില്ല.

പണ്ഡിതാ ഇതാണറിവ്. ജീവിതത്തിന് വിലപ്പെട്ടതും ആവശ്യത്തിന് ഉപകരിക്കുന്നതും!

ഭഗവാൻ ഞാൻ വലിയ ധനികനാണ്. ധാരാളം ഭൂമിയുണ്ട്. അതിനാൽ ആയിരം വൃക്ഷത്തൈകൾ നടാൻ പോകുന്നു.

പാടില്ല! ഒരിക്കലും അങ്ങനെ ചെയ്തുകൂട. അത് മൂന്ന് തരത്തിൽ തെറ്റാണ്. ഒന്നാമതായി ഇത്രയേറെ ഭൂമി സ്വന്തമായി വെയ്ക്കാൻ ഏത് പ്രകൃതി നിയമമാണ് നിങ്ങൾക്ക് അവകാശം തന്നത് ? രണ്ട്, ഒരാൾക്കൊരിക്കലും ആയിരം തൈകളെ പരിപാലക്കാനാവില്ല. മാത്രമല്ല പലതിനേയും ശ്രദ്ധിക്കാൻ പോലും പറ്റില്ല, അതുകൊണ്ട് തന്നെ പലതും ഉണങ്ങും, അത് ആ ചെടികളോട് ചെയ്യുന്ന ക്രൂരതയാണ്. മൂന്നാമതായി നിങ്ങൾ ആയിരം തൈകൾ നടുമ്പോൾ ബാക്കി 995 ചെടികൾ നടാനുള്ളവരുടെ അവകാശമാണ് നിങ്ങൾ കവരുന്നത്, അവർക്ക് നടാനുള്ള അവകാശം നഷ്ടപ്പെടുത്തുന്നതിനു പുറമേ അവർക്ക് നിർവാണം ലഭിക്കാനുള്ള സാദ്ധ്യതയും ഇല്ലാതാക്കുന്നു. അത് കൊണ്ട് അഞ്ചു തൈകൾ നടൂ അവയെ സ്നേഹിക്കൂ, സ്ഥിരബന്ധം കൊണ്ട വയുടെ ഭാഷ പഠിക്കൂ, അവ നിങ്ങളേയും സ്നേഹിക്കും. ഒരിക്കലും ചതിക്കില്ല.

ശ്രീബുദ്ധനും ആരാധകരായ കർഷകരും തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം നടന്നിരുന്നോ? എനിക്കറിഞ്ഞുകൂടാ. ഉണ്ടായിരിക്കാം! ഇല്ലായിരിക്കാം! നിർവാണത്തിനായി പാടു പെടേണ്ടതില്ലെന്നും അഞ്ചുവ്യത്യസ്തയിനം വൃക്ഷത്തൈകൾ നട്ടാൽ മതിയെന്ന് ഭഗവാൻ ഉപദേശിച്ചതായി ഡോ:വെങ്കിട്ട് പറഞ്ഞത് ഓർമ്മയിലുണ്ട്. ബാക്കി ബുദ്ധചരിത്രം വായിച്ചതിനാലുണ്ടായ സങ്കല്പമാണ്.



യില്ല. മതപരമല്ലാത്ത ആത്മീയത, നീതിബോധം എന്നിവ പുലർത്തുന്നവർക്ക് ബുദ്ധനോട് ചേർന്നു പോകാം. മറ്റൊരു ദൈവത്തിന്റെ മുഖത്തിനും ഇല്ലാത്ത വിധം ശാന്തി ബുദ്ധന്റെ മുഖത്ത് പ്രസരിക്കുന്നുണ്ട്. ബുദ്ധനെ ചീത്തപറയുന്നതിന് സ്വാതന്ത്ര്യം സെൻ ബുദ്ധിസ്റ്റുകൾ നൽകുന്നുമുണ്ട്. ദളിത്, പരിസ്ഥിതി...... തുടങ്ങിയ പല അവസ്ഥകളും ഇതോടൊത്തുപോകും - ബുദ്ധപ്രണയിയും എഴുത്തുകാരനുമായ ഐ. ഷണ്മുഖദാസ് ചൂണ്ടിക്കാട്ടി.

ഒരു കൾട്ട് ഉണ്ടാക്കുകയോ... ആചാരനിബദ്ധമായ മതത്തിന്റെ ഭാഗമാവുക യോ ഈ കൂട്ടായ്മകളുടെ ലക്ഷ്യമല്ല - ബുദ്ധന്റെ നിലാവ് അറിയുകമാത്രം.


*(2009 മെയ് 3 ലെ മാതൃഭൂമി പത്രത്തിലെ ലേഖനത്തോട് കടപ്പാട്)*

**കവിത**

**രാജുജോൺ**

# വളർച്ച

ചെറുതിന്റെ നൊമ്പരം
വലുതാണ്.
വലുതാകാനുള്ള മോഹം
വരിഞ്ഞ് കെട്ടുമ്പോൾ
മഴയുടെ നിലവിളിയിലും
പുഴയുടെ കരച്ചിലിലും
കത്തുന്ന മരത്തിന്റെയും
നടുവിൽ
വളർന്ന് വളർന്ന്
ചെറുതാകുകയാണ് നമ്മൾ.



**കുട്ടിക്കഥകൾ**

**ഷിനോജേക്കബ് കൂറ്റനാട്**

## പട്ടണം

റോഡരുകിൽ പട്ടി ചത്തുകിടക്കുന്നു. സമീപവാസിയായ ഡോക്ടർ മുനിസിപ്പാലിറ്റിയിൽ ഫോൺ ചെയ്ത് വിവരം പറഞ്ഞു. അടുത്ത വീട്ടിലെ എഞ്ചിനീയർ നോക്കാതെ കടന്നുപോയി.

അതുവഴി വന്ന വിദ്യാർത്ഥികൾ നീട്ടിത്തുപ്പി....... യുവനേതാവ് മുൻസിപ്പൽ സെക്രട്ടറിയെ മൊബൈൽ ഫോണിൽ ഭീഷണിപ്പെടുത്തി........

കൂലിപ്പണികഴിഞ്ഞു വരികയായിരുന്ന ചേരി നിവാസി ഒരു കുഴികുത്തി പട്ടിയെ അതിലിട്ടുമൂടി.

## തവളക്കാൽ

തവളക്കാലിന് ആവശ്യക്കാരേറെ ഉണ്ടായിരിന്നതിനാൽ ടൺ കണക്കിന് കയറ്റിയയച്ചു.

കൊതുകിന് ആവശ്യക്കാരില്ലാത്തതിനാൽ പെരുകുന്നത് നോക്കിനിൽക്കേണ്ടി വന്നു.



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ

അക്കു

**ഇന്നത്തെ പാഠപുസ്തകങ്ങൾ നാളെ നമ്മളെ എന്താക്കിമാറ്റുമെന്ന് ഇന്നേ അറിഞ്ഞുവെക്കുന്നത് നല്ലതാണെന്ന വലിയ പാഠം പഴയ മൂന്നാം ക്ലാസ് പുസ്തകം നമ്മെ പഠിപ്പിക്കുന്നു.**

# വേലപ്പൻ കുഞ്ഞുണ്ണിക്കുറുപ്പായി മാറുമ്പോൾ

കുഞ്ഞുണ്ണിക്കുറുപ്പിനെയും വേലപ്പനേയും അറിയില്ലേ? എല്ലാവർക്കും അറിയണമെന്നില്ല. അറിഞ്ഞവർ ചിലർ മറന്നുപോവാനുമിടയുണ്ട്

ഞങ്ങളൊക്കെ മൂന്നാം ക്ലാസിൽ പഠിച്ച മലയാള പാഠാവലിയിലെ പാഠത്തിലെ രണ്ടു കൃഷിക്കാരായിരുന്നു അവർ.


"കൃഷ്ണപുരം ബ്ലോക്കിൽ ഇത്തവണയും ഒന്നാം സമ്മാനം വേലപ്പന്! കുഞ്ഞുണ്ണിക്കുറുപ്പ് തപ്പിത്തടഞ്ഞ് പത്രം വായിക്കുകയാണ്.''- ഇങ്ങനെ തുടങ്ങുന്ന ആ പാഠം രണ്ട് ഭാഗങ്ങളായി പരന്നുകിടക്കുകയായിരുന്നു. തൊണ്ട പൊട്ടുമാറ് ഉറക്കെ അലറി വായിച്ചും ഓത്തുപോലെ കൂട്ടത്തോടെ ഈണത്തിൽ ചൊല്ലിയും പകർത്തിയെഴുതിയും പണ്ടത്തെ സമ്പ്രദായത്തിൽ ഉരുവിട്ട് പഠിച്ച പാഠമായതുകൊണ്ട് മിക്ക വരികളും ഓർമ്മയിലുണ്ട്. ഇന്നത്തെപോലെ പെട്ടെന്നൊന്നും മാറ്റം വരാതെ ഒരേ പുസ്തകം തന്നെ തലമുറയായി പഠിച്ചുവന്നതുകൊണ്ട് പരസ്പരം അയവിറക്കി പാഠങ്ങൾ ഓർത്തെടുക്കാനും പറ്റിയിരുന്നു. ബി.എഡി ന് സഹപാഠിയായിരുന്ന ആലപ്പുഴക്കാരൻ നജീബിന്റെ ഒരു കലാപരിപാടി പഴയ ഗദ്യപാഠങ്ങൾ വള്ളിപുള്ളി വിടാതെ ഓർമ്മയിൽനിന്ന് പദ്യം ചൊല്ലുംപോലെ താളത്തിൽ പറയുകയായിരുന്നു. 'സുരേഷ് തിരിഞ്ഞുനോക്കി. അതാ മുറ്റത്തൊരു മൈന', 'ആദാമിന്റെ മകൻ അബു......' ബാല്യകാലത്തിന്റെ ഗൃഹാതുരത്വമുണർത്താനും പഠിച്ചുമറന്ന പാഠങ്ങൾ മനസ്സിലേക്കെത്താനും ഇതു സഹായിച്ചു.

വർഷങ്ങൾക്കുശേഷം പഴയ മൂന്നാം ക്ലാസ് പാഠപുസ്തകം കേരളപാഠാവലി മലയാളം കണ്ടുകിട്ടി. ചട്ടപോയിട്ടുണ്ടെങ്കിലും മുഷിഞ്ഞിട്ടുണ്ടെങ്കിലും. ബാല്യത്തിന്റെ കുതൂഹല മുദ്രകൾ പതിഞ്ഞത്! അന്ന് കോറി വരച്ച വരകൾ അവിടവിടെ.... സഹോദരിയുടെ കൈപ്പടയിൽ എഴുതിയ എന്റെ പേരിനൊപ്പം മറ്റു പല പേരുകളും മങ്ങിക്കാണുന്നു.

അതെ! ഈയൊരു പുസ്തകം ആരിലൂടെയൊക്കെയോ എനിക്ക് കൈമാറി കിട്ടിയതായിരുന്നു. ഞാനുപയോഗിക്കുമ്പോഴും, ഇത് മറ്റൊരാൾക്ക് കൈമാറാനുള്ളതാണെന്ന ജാഗ്രത എന്നിലുണ്ടാക്കിയിരുന്നു. അത്രയൊന്നും 'ബോധ'മില്ലാത്ത പഴയകാലത്ത് അനുവർത്തിച്ചുവന്നിരുന്ന പരിസ്ഥിതി സൗഹാർദ്ദ ജീവിതരീതിക്കൊരു ഉദാഹരണമായി ഈ പാഠപുസ്തകകൈമാറ്റത്തെ കാണാം.

പറഞ്ഞു തുടങ്ങിയത് കുഞ്ഞുണ്ണിക്കുറുപ്പിനേയും വേലപ്പനേയും കുറിച്ചായിരുന്നു. ഇന്ന് രണ്ടുകൃഷിക്കാർ എന്ന പാഠം വീണ്ടും വായിക്കുമ്പോൾ വരികൾക്കിടയിലൊന്നും വായിക്കാതെ തന്നെ തെളിഞ്ഞുവരുന്നവലിയ ജീവിതപാഠങ്ങളുണ്ട്.

കുഞ്ഞുണ്ണിക്കുറുപ്പ് ഒരു പഴഞ്ചൻ കൃഷിക്കാരനാണ്. വിദ്യാഭ്യാസം കുറവ്. നാടൻ വിത്തുകളും നാടൻ വളവുമെല്ലാം ഉപയോഗിച്ച് പഴയരീതിയിൽ കൃഷിചെയ്യുന്നയാൾ. അയാൾക്ക് ശാസ്ത്രീയ രീതികളൊന്നും അറിയില്ല. എന്നാൽ വേലപ്പൻ തികച്ചും ആധുനികൻ. പുത്തൻ വിത്തും രാസവളവും കീടനാശിനിയുമെല്ലാം ഉപയോഗിക്കാൻ പഠിച്ചവൻ. അതുകൊണ്ടല്ലേ അയാൾക്ക് ബ്ലോക്കിലെ മികച്ച കൃഷിക്കാരനുള്ള അവാർഡ് കിട്ടിയത്! ഇതിന്റെ ഗുട്ടൻസ് അറിയാനായി കുഞ്ഞൂണ്ണിക്കുറുപ്പ് വേലപ്പന്റെ കൃഷിയിടത്തിലെത്തുന്നു, അയാൾക്ക് അവിടെ എല്ലാം അപരിചിതമായ കാര്യങ്ങളാണ്. ട്രാക്ടർ കണ്ട്, "ശിവ! ശിവ! വയലിലും ഓടിത്തുടങ്ങിയോ ബസ്സും കാറും ലോറിയുമൊക്കെ" എന്നാണ് ആ കൃഷീവലൻ ചോദിക്കുന്നത്. തുമ്പിക്കൈവണ്ണത്തിൽ വെള്ളം വീഴ്ത്തുന്ന പമ്പ്സെറ്റും അയാൾക്ക് വിസ്മയമുണ്ടാക്കുന്നു. വേലപ്പന്റെ കൃഷിയിട സന്ദർശനവും സ്റ്റഡി ക്ലാസും കഴിഞ്ഞതോടെ കുഞ്ഞുണ്ണിക്കുറുപ്പിന് കാര്യം ബോധ്യമാകുന്നു. താനും വേലപ്പനെപ്പോലെയാകണം! ഇങ്ങനെയാണ് പാഠം അവസാനിക്കുന്നത്.



അങ്ങനെ നമ്മുടെ നാട്ടിലെ കുഞ്ഞുണ്ണിക്കുറുപ്പുമാരെയെല്ലാം വേലപ്പൻമാരായി മാറ്റണമെന്ന സർക്കാർനയം വിദ്യാഭ്യാസ പദ്ധതിയിലൂടെ നടപ്പാക്കുകയായിരുന്നു ഈ പാഠം.

ഹരിതവിപ്ലവമെന്നപേരിൽ അത്യുത്പാദനത്തിനായി നമ്മുടെ കർഷകരെ 'ആധുനികരാക്കി' രാസകൃഷിയിലേക്ക് നയിക്കുന്നതിന്റെ ആശയാടിത്തറയായിട്ടാണ് ഈ പാഠങ്ങൾ അന്നത്തെ തലമുറയെ പഠിപ്പിച്ചത്.

അങ്ങനെ വേലപ്പൻമാരായി മാറിയ കുഞ്ഞുണ്ണിക്കുറുപ്പുമാർ പിൽക്കാലത്ത് കൃഷിച്ചെലവുകൾ വർദ്ധിച്ച് കടക്കെണിയിലകപ്പെട്ടതും രാസകൃഷിയെ തുടർന്ന് ഊഷരമായി മാറിയ മണ്ണിൽനിന്ന് വിളവ്കുറഞ്ഞ് കൂട്ട ആത്മഹത്യയിലേക്കെത്തിയതും നമ്മൾ പാഠപുസ്തകത്തിൽ നിന്നല്ലാതെ തന്നെ പഠിച്ചു.

ഇന്ന് വേലപ്പൻമാർ കുഞ്ഞുണ്ണിക്കുറുപ്പിന്റെ പഴയ വഴിയി ലേക്ക് സഞ്ചരിച്ചു തുടങ്ങിയിരിക്കുന്നു. സർക്കാരും ജൈവകൃഷി മന്ത്രങ്ങൾ ഉരുവിട്ട് കുഞ്ഞുണ്ണിക്കുറുപ്പിന്റെ പാഠങ്ങൾ പഠിപ്പിക്കുന്നു.

ഇന്നത്തെ പാഠപുസ്തകങ്ങൾ നാളെ നമ്മളെ എന്താക്കിമാറ്റുമെന്ന് ഇന്നേ അറിഞ്ഞുവെക്കുന്നത് നല്ലതാണെന്ന വലിയ പാഠം പഴയ മൂന്നാം ക്ലാസ് പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

ലിമാ ഡൈജസ്റ്റ്

## ഡ്രൈവിങ് യാന്ത്രികമാകുമ്പോൾ

നിത്യേന ഒരേ റൂട്ടിൽത്തന്നെ അങ്ങോട്ടുമിങ്ങോട്ടും വാഹനമോടിച്ചുപോകുന്നവർ മസ്തിഷ്കത്തിലെ ചിന്താമണ്ഡലം ഉപയോഗപ്പെടുത്താതെ യാന്ത്രികമായി ഡ്രൈവ് ചെയ്യുന്നു എന്ന് ജർമ്മനിയിലുള്ള ഡ്യൂയിസ്ബർഗ്-എസ്സെൻ യൂണിവേഴ്സിറ്റിയിലെ ട്രാഫിക് സയന്റിസ്റ്റായ മിഖായേൽ ഷ്റെക്കൻബർഗ് പറയുന്നു. ചിരപരിചിതമായ വഴിയിലൂടെ പോകുമ്പോൾ ഏകാഗ്രതയോടെ ഡ്രൈവു ചെയ്യുന്നതിനു പകരം ഡ്രൈവർമാർ മറ്റു കാര്യങ്ങളിൽ മുഴുകുന്നു. ഫലമോ? പെട്ടന്ന് അപകടസാധ്യതകൾ തിരിച്ചറിയാൻ അവർക്കു കഴിയാതെ വരുന്നു. ശ്രദ്ധ പതറാൻ അനുവദിക്കാതെ ജാഗ്രതയോടെ വാഹനമോടിക്കാൻ കൂടെക്കൂടെ സ്വയം ഓർമിപ്പിക്കണമെന്ന ഷ്റെക്കൻബർഗ് ഇത്തരം ഡ്രൈവർമാരോടു നിർദേശിക്കുന്നു.

## ബ്രിട്ടനിൽ പൂമ്പാറ്റകൾക്ക് ദേശാടനക്കാലം

ലക്ഷക്കണക്കിന് പൂമ്പാറ്റകളാണ് ബ്രിട്ടനിൽ ഇപ്പോൾ എത്തിക്കൊണ്ടിരിക്കുന്നത്. പെയ്ന്റ്സ് ലേഡീസ് ശലഭങ്ങളുടെ ഈ വരവ് നൂറ്റാണ്ടിലെ റിക്കാർഡ് ദേശാടനമായാണ് കണക്കാക്കുന്നത്. ആഫ്രിക്കയിൽ നിന്നാണ് ഇവരുടെ വരവ്. ഇത്രയും കൂടിയ അളവിലുള്ള ദേശാടനത്തിന് കാരണമായി കണക്കാക്കുന്നത് കാലാവസ്ഥയിലെ തകിടം മറിച്ചിലുകളാണ്.

## 23% ഉഭയജീവികളും 21% ഉരഗങ്ങളും നിലനില്പുഭീഷണിയിൽ.

ഉഭയജീവികൾക്കും ഉരഗങ്ങൾക്കുമായി മാത്രം പ്രസിദ്ധികരിക്കപ്പെട്ട റെഡ്ബു[illegible]് ഈ വിവരം. ഇന്റർനാഷണൽ [illegible]യൻ ഫോർ കൺസർവേഷൻ ഓ[illegible]നേച്ചർ (IUCN) ആണ് ഈ പുതിയ [illegible]ഡ് ബുക്ക് പ്രസിദ്ധീകരിച്ചത്. ആവാസവ്യവസ്ഥകൾ നേരിടുന്ന തകർച്ച, മലിനീകരണം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയവയാണ് കാരണം.

വിശ്വമഹാകവി വേഡ്സ്വർത്ത് അലയുന്ന നാദമായി വിശേഷിപ്പിച്ച കുയിലുകൾ ബ്രിട്ടനിലെ നാട്ടിൻപുറങ്ങളിൽനിന്ന് അപ്രത്യക്ഷമാകുന്നതായി റിപ്പോർട്ട്. കുയിൽമാത്രമല്ല 246 ഇനം പ്രദേശിക പറവകൾ ആണ് ബ്രിട്ടനിൽ വംശനാശം നേരിട്ട് കൊണ്ടിരിക്കുന്നത്.

## ഗുണത്തെക്കാളേറെ ദോഷം

ഊർജത്തിനു പഞ്ഞം വരാതി രിക്കാൻ ഒരു പോംവഴി തങ്ങൾ കണ്ടുപി ടിച്ചെന്ന് ഏതാനും വർഷംമുമ്പ് ഡച്ച് രാ ഷ്ട്രീയ നേതാക്കളും പരിസ്ഥിതിവാദി കളും വിചാരിച്ചു: ജൈവ ഇന്ധനം അ തായത് പ്രധാനമായും പാമോയിൽ ഉപയോഗിച്ച് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുക. അവരുടെ ഈ സ്വപ്നം പക്ഷേ ഒരു 'പാരിസ്ഥിതിക പേടിസ്വപനമായി' മാറിയെന്ന് ദ ന്യൂയോർക്ക് ടൈംസ് പറയുന്നു. യൂറോപ്പിൽ പാമോയിലിനു ഡിമാന്റ് ഏറിവരുന്നത് തെക്കുകിഴക്കൻ ഏഷ്യയിലെ മഴക്കാടുകൾ വൻതോതിൽ വെട്ടിവെളുപ്പിക്കുന്നതിനും രാസവളങ്ങളുടെ അമിതോപയോഗത്തിനും ഇടയാക്കിയിരിക്കുന്നു. ചതുപ്പുനിലങ്ങൾ വറ്റിച്ച് തീയിട്ടാണ് പനകൃഷി ചെയ്യുതിനുള്ള നിലമൊരുക്കുന്നത്. ഈ പ്രക്രിയ ഭീമമായ തോതിൽ കാർബൺ ഗ്യാസുകളെ അന്തരീക്ഷത്തിലേക്കു തള്ളുന്നു, തത്ഫലമായി ഇന്തൊനീഷ്യ ഇതിനോടകം ആഗോളതാപനവർധനവിനു വഴിവെക്കുന്നുവെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു. കാർബൺ ഗ്യാസുകൾ ഏറ്റ വുമധികം പുറന്തള്ളുന്ന ലോകത്തെ മൂ ന്നാമത്തെ രാജ്യമായി ഇന്തോനേഷ്യ മാറിയിരിക്കുന്നു എന്ന് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

## ടി വിയും കുട്ടികളും

ബ്രിട്ടനിൽ, ശരാശരി ആറുവയസ്സുള്ള ഒരു കുട്ടി ടെലിവിഷൻ കാണുതിനായി ഒരു വർഷം മുഴുവൻ ചെലവഴിച്ചിട്ടുണ്ടായിരിക്കും. അവിടെ മൂന്നുവയസ്സുകാരിൽ പകുതിയിലേറെപ്പേർക്കും സ്വന്തം കിടപ്പുമുറിയിൽ ടി വി ഉണ്ട്.

'ദി ഇൻഡിപ്പെൻഡന്റ് ബ്രിട്ടൻ.'

## ശേഖരത്തിലേക്ക്, നന്ദിപൂർവ്വം...

കഥയുടെ കനലുകൾ (എഡിറ്റർ: സെബാസ്റ്റ്യൻ വലിയകാല, വോയ്സ് പബ്ലിക്കേഷൻസ്)
ഘടികാരം-പി.എ ഉത്തമൻ പതിപ്പ്
നാട്ടുഭാഷ്യം,
കേരളീയം
പാഠഭേദം,
സൂര്യസന്ദേശ് മാസിക
ലെയ്സ ഇന്ത്യ
ആത്മമിത്രം ത്രൈമാസിക

# സ്മൃതി വനങ്ങൾ ഉയരട്ടെ!

ഇസ്രായേലുകാരുടെ സ്മൃതിവനത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ? അവിടെ ആരും ആർക്കും സ്മാരകം നിർമ്മിക്കാറില്ല. പകരമാണ് സ്മൃതിവനം. ആരെങ്കിലും മരിച്ചാൽ ഉറ്റബന്ധുക്കൾ സ്മൃതിവനത്തിൽ പോയി ഒരു വൃക്ഷത്തൈ നടുന്നു. പിന്നീട് ചരമവാർഷികത്തിൽ അവർ സ്മൃതിവനത്തിൽ പോയി തങ്ങൾ നട്ട മരത്തിനടുത്തിരുന്ന് പ്രാർത്ഥന നടത്തുന്നു.

നമുക്ക് സ്മാരകമെന്നാൽ പ്രതിമകളോ കെട്ടിടങ്ങളോ ആണ്. നമ്മുടെ നാട്ടിൽ അങ്ങോളമിങ്ങോളം നിർമ്മിച്ച പല പ്രതിമകളും തിരിഞ്ഞു നോക്കാനാളില്ലാതെ അനാഥമായി നിൽക്കുന്നതും നമ്മൾ കാണുന്നു. അതുപോലെ കേരള ത്തിലെ ഏതു കവലകളിലും യഥേഷ്ടം കാണുന്ന ഒന്നാണ് രാഷ്ട്രീയ പാർട്ടികളു ടെ കൊടിമരങ്ങളും സ്തുപങ്ങളും. സ്വന്തം പാർട്ടിയുടെ സാന്നിധ്യവും മേനിയും കാണിക്കാമെന്നല്ലാതെ ഇതു കൊണ്ട് യാതൊരു പ്രയോജനവുമുണ്ടാ കുന്നില്ല. പകരം ഇതിന്റെയെല്ലാം സ്ഥാ നത്ത് ഒരു ആലോ, മാവോ, പ്ലാവോ മറ്റോ നട്ടിരുന്നുവെങ്കിൽ എത്രയോ കാല ത്തേക്ക് മനുഷ്യനു മാത്രമല്ല സകല ജീ വജാലങ്ങൾക്കും പ്രയോജനപ്പെടുമാ യിരുന്നു.

പാർട്ടിയും നേതാക്കളും ഇതിലുടെ ഓർമ്മിക്കപ്പെടുകയും ചെയ്യും. ഓരോ പാർട്ടിക്കും നടുന്നമരത്തിൽ പാർട്ടിയുടേയോ നേതാക്കളുടെയോ പേരെഴുതിതൂക്കുകയുമാവാം. പെരുവണ്ണാമുഴിയിൽ വനംവകുപ്പ് ദേശീയ നേതാക്കളുടെ പേരിൽ ഒരു സ്മൃതി വനമൊരുക്കിയത് കേട്ടിട്ടുണ്ട്. ഒറ്റപ്പെട്ട കലാലയങ്കണത്തിൽ ഇങ്ങനെ ചില ശ്രമങ്ങൾ നടക്കുന്ന തായി അറിയുന്നു.

ഹരിത വാർത്ത

## അനധികൃതമായി വയൽ നികത്തി; ജനങ്ങൾ മണ്ണ്കോരി മാറ്റിച്ചു

പാലക്കാട് ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് ഭാരതപുഴയോരത്തുള്ള പഞ്ചായത്തായ ആനക്കരയിൽ നെൽകൃഷിവയലുകൾ വ്യാപകമായി നിരത്തുന്ന പ്രവണത തുടരുന്നതിനിടയിൽ ഒരു ഹരിത വാർത്ത.......


അനധികൃതമായി നികത്തിയവയൽ തൃത്താല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിലെത്തിയ ജനങ്ങൾ മണ്ണ് കോരിമാറ്റിച്ച് പൂർവ്വസ്ഥിതിയിലാക്കിച്ചു.

വയൽ നികത്തലിനെതിരേ ഇത്തരം ജനകീയ കുട്ടായ്മകൾ നാടൊട്ടുക്കും ഉയർന്നുവരേണ്ടതുണ്ട്. അതുമാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുള്ളൂ.

**ഷിനോജേക്കബ്**

Little Masika June - July 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 registered with the Registrar of News Papers for India New Delhi Rs. 6.50

# മരിയോ മിരാൻഡയുടെ കാർട്ടൂണുകൾക്ക് പറയാനുള്ളത്...




# Comic for Communication

കാർട്ടൂൺ എല്ലാ കാലത്തും ശക്തമായ ഒരു മാധ്യമമാണ്. ചെലവ് കുറഞ്ഞ ലളിതമായ, എന്നാൽ ഏറ്റവും ശക്തമായ മാധ്യമം. ആശയവിനിമയത്തിനുള്ള ചെലവ് കുറഞ്ഞ ഫലപ്രദമായ മാധ്യമം എന്ന നിലയിൽ കാർട്ടൂൺ / കോമിക് അവതരിപ്പിച്ചു കൊണ്ട് ലിറ്റിൽ മാസിക ശില്പശാലകൾ സംഘടിപ്പിക്കുന്നു. താല്പര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങി പ്രായഭേദമന്യെ ഏവർക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്, വിളിക്കുക.. **9946428284**

അല്ലെങ്കിൽ കത്തയക്കുക..

**ലിറ്റിൽ മാസിക, ചുങ്കത്താറ പി.ഒ.**

**മലപ്പുറം ജില്ല - 679 334**



## ലിറ്റിൽ മാസിക

**കാർട്ടൂൺ / കോമിക് ശില്പശാല**

---

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

ലിറ്റിൽ മാസിക

2009 ജൂൺ - ജൂലായ്

ലക്കം: 108

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷ പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സ ക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹാ നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതു കളിൽ പങ്കാളികളാകാം.

Registered Periodical

To

*If undeliverd, please return to*

**Editor**
**Little masika**
**Chungathara P.O.**
**Malappuram Dt.**
**Pin: 679 334**
**Kerala**

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara